بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാള്യം 2

ലക്കം 6

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഫെബ്രുവരി 09/ഹി:ശം:1396 തബ്ലീഗ് 09/ഹി:ഖ: 1438 ജ:അവ്വൽ 11


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 06-01-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**മർയമിന്റെ മകൻ ഈസാ എന്റെ കാലഘട്ടത്തിൽ ജീവിച്ചിരിക്കുകയാണെങ്കിൽ ഞാൻ ചെയ്യുന്ന ജോലി അദ്ദേഹത്തിന് ഒരിക്കലും ചെയ്യാൻ കഴിയുമായിരുന്നില്ല. എന്നിൽനിന്ന് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന് കാണിക്കാനും കഴിയുമായിരുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

*ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! മർയമിന്റെ മകൻ ഈസാ എന്റെ കാലഘട്ടത്തിൽ ജീവിച്ചിരിക്കുകയാണെങ്കിൽ ഞാൻ ചെയ്യുന്ന ജോലി അദ്ദേഹത്തിന് ഒരിക്കലും ചെയ്യാൻ കഴിയുമായിരുന്നില്ല. എന്നിൽനിന്ന് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന് കാണിക്കാനും കഴിയുമായിരുന്നില്ല. അല്ലാഹുവിന്റെ കൃപ തന്നെക്കാൾ കൂടുതൽ എന്നിൽ കാണുമായിരുന്നു. ഞാൻ അങ്ങനെയാകുമ്പോൾ ഏതൊരു റസൂലിന്റെ ദാസനിലേക്കാണോ ഞാൻ കുറിയാക്കപ്പെടുന്നത് ആ പരിശുദ്ധ റസൂലിന്റെ പദവി എന്തായിരിക്കുമെന്ന് നിങ്ങൾ സ്വയം ചിന്തിച്ചുനോക്കുക.* **ദാലിക്ക ഫളലുല്ലാഹി യുഅ്ത്തീഹി മയ്യശാഉ** *ഇവിടെ ഒരു അസൂയയോ ഈർഷ്യയോ ഒന്നും വിലപ്പോകുകയില്ല. അല്ലാഹു എന്തൊന്ന് ഉദ്ദേശിക്കുന്നുവോ അത് അവൻ ചെയ്യും. അവന്റെ ഉദ്ദേശ്യത്തിന് വിരുദ്ധം പ്രവർത്തിക്കുന്നതാരാണോ അവൻ തന്റെ ഉദ്ദേശ്യങ്ങളിൽ പരാജിതനായിരിക്കുമെന്ന് മാത്രമല്ല മറിച്ച് മരിച്ച് ജഹന്നമിന്റെ വഴി എടുക്കുകയും ചെയ്യുന്നു. ബലഹീനമായ സൃഷ്ടികളെ ദൈവം ആക്കിയവൻ നാശമടഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ഒരു ദൈവദൂതനെ സ്വീകരിക്കാത്തവനും നാശമടഞ്ഞു. എന്നെ തിരിച്ചറിഞ്ഞവൻ അനുഗൃഹീതൻ. ഞാൻ അല്ലാഹുവിന്റെ എല്ലാ വഴികളിലുംവച്ച് അവസാനത്തെ വഴിയാകുന്നു. ഞാൻ അവന്റെ എല്ലാ പ്രകാശങ്ങളിലുംവച്ച് അവസാനത്തെ പ്രകാശമാകുന്നു.എന്നെ കൈവെടിയുന്നവൻ ദൗർഭാഗ്യനാണ്. കാരണം എന്നെ കൂടാതുള്ളതെല്ലാം ഇരുട്ടാകുന്നു."*

*(റൂഹാനീ ഖസായിൻ വാള്യം 19 കശ്തിയെ നൂഹ് പേജ് 60)*

**2016ൽ നടന്ന 122-ാമത് ഖാദിയാൻ ജൽസാ സാലാനയുടെ റിപ്പോർട്ട്**
**(ജൽസ തുടങ്ങിയിട്ട് 125-ാമത് വർഷം)**

# അഹ്മദിയ്യാ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിച്ച വിജയകരവും അനുഗൃഹീതവുമായ 122-ാമത് ജൽസ സാലാന

*◆മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ മുഖേന അമീറുൽമുഅ്മിനീൻ സയ്യുദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലായുടെ സമാപന പ്രഭാഷണം.*
*◆42 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. ◆14,242 അംഗങ്ങൾ പങ്കെടുത്തു.*
*◆അമീറുൽ മുഅമിനീന്റെ സമാപന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5230 അഹ്മദികൾ പങ്കെടുത്തു.*
*◆തഹജ്ജുദ് നമസ്കാരം. ◆ഖുർആൻ ദർസും ദൈവസ്മരണയാൽ നിറഞ്ഞ അന്തരീക്ഷവും. ◆ആദരണീയരായ ഉലമാന്റെ വൈജ്ഞാനികമായ പ്രഭാഷണങ്ങൾ. ◆സർവ്വമത സമ്മേളനം. ◆പരിചയപ്പെടുത്തിക്കൊണ്ടുള്ള അതിഥികളുടെ പ്രഭാഷണങ്ങൾ. ◆ദേശീയവും വിദേശീയവുമായ ഭാഷകളിൽ തൽസമയ തർജമ. ◆ജമാഅത്തംഗങ്ങളുടെ അറിവിൽ വർധനയുണ്ടാകുന്നതിന് വിവിധ ശിക്ഷണപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്ററി. ◆വൈജ്ഞാനികമായ എക്സിബിഷൻ. ◆നൗ മുബായീനും, അനുകൂലികൾക്കും വേണ്ടി തബ്ലീഗ് ജൽസ. ◆26 നിക്കാഹുകളുടെ വിളംബരം. ◆പ്രിന്റ് & ഇലക്ട്രോണിക് മീഡിയായിൽ ജൽസയുടെ വിശാലമായ പ്രചാരണം. ◆സമാധാനപരവും സന്തോഷകരവുമായ കാലാവസ്ഥയിൽ ജൽസയിലെ എല്ലാ പരിപാടികളുടേയും സമ്പൂർത്തീകരണം. ◆അൽഖലം പ്രൊജക്ടിന്റെ രൂപീകരണം. ◆ഇന്തൊനേഷ്യ അഹ്മദിയ്യാ ജമാഅത്തിൽനിന്ന് 183 അംഗങ്ങൾ ചാർട്ടഡ് ഫ്ളൈറ്റിൽ ജൽസയ്ക്കെത്തി.*

## അമീറുൽമുഅ്മിനീൻ സയ്യുദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലായുടെ പ്രഭാഷണം:

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനുശേഷം സയ്യുദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ താഴെ കാണുന്ന ഖുർആനിക വചനം തിലത്തു ചെയ്തു: *ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനി യുഹ്ബിബ്കുമുല്ലാഹു വയഗ്ഫിർലക്കും ദുനൂബക്കും വല്ലാഹു ഗഫൂർറഹീം* (3:32) നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തുതരുകയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു:'അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകണമെന്നും അവൻ നമ്മുടെ ദുആ കേൾക്കണമെന്നും നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ അതിന് അടിസ്ഥാനപരമായൊരു കാര്യം അവൻതന്നെ നമുക്കു പറഞ്ഞുതന്നിരിക്കുകയാണ്; നിങ്ങൾ റസൂലിന്റെ ജീവിതമാതൃകയനുസരിച്ച് നടന്നെങ്കിലെ അതു സാധ്യമാകുകയുള്ളൂ. ആ ജീവിതചര്യയിലൂടെ നടക്കുന്നതിന് നബി(സ)തിരുമേനി കാണിച്ചുതന്നിട്ടുള്ള എല്ലാ കർമങ്ങളും സ്വഹാബാക്കൾ മുഖേന അല്ലാഹു നമുക്ക് എത്തിച്ചുതരികയും ചെയ്തു. അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുള്ള എല്ലാ കർമങ്ങളും എല്ലാ കാര്യങ്ങളും നബി(സ)തിരുമേനി ചെയ്തുകാണിച്ചിരുന്നുവെന്നതും മനസ്സിലാക്കേണ്ടത് നിർബന്ധമാണ്. നബി(സ)തിരുമേനിയുടെ ജീവിതമെന്തായിരുന്നുവെന്ന് ഹദ്റത്ത് ആയിശാ(റ)യോടു ചോദിച്ചപ്പോൾ മൂന്നു വാക്കുകളിൽ അവർ മറുപടി നല്കി: *കാന ഖുലുഖുഹുൽ ഖുർആൻ* ആ ജീവിതം വിശുദ്ധ ഖുർആൻ എന്ന മഹത്തായ ഗ്രന്ഥം ഉൾക്കൊണ്ടിരിക്കുന്ന സകല സ്വഭാവങ്ങളും കർമങ്ങളുമായിരുന്നു. ഇക്കാലഘട്ടത്തിൽ അല്ലാഹു കൂടുതൽ ഔദാര്യം ചെയ്തുകൊണ്ട് തന്റെ ദൂതനും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനുമായ മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും അയച്ചു. അദ്ദേഹം നബിമാരുടെ പദവികളെ പ്രത്യേകിച്ചും നബി(സ)തിരുമേനിയേയും അവിടത്തെ ജീവിതമാതൃകയേയും കുറിച്ച് കൂടുതൽ ഗ്രാഹ്യം നല്കി.

അമീറുൽമുഅ്മിനീൻ പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ലോകത്ത് നബിമാരും റസൂൽമാരും ഇമാമുമാരും വരുന്നത് തങ്ങളെ ജനങ്ങളെക്കൊണ്ട് പൂജിപ്പിക്കുന്നതിനുവേണ്ടിയല്ല. മറിച്ച് അവരുടെ ഒരേയൊരു ഉദ്ദേശ്യം തൗഹീദ് അഥവാ ഏകദൈവ വിശ്വാസം സ്ഥാപിക്കുക എന്നതാണ്. അവരുടെ അധ്യാപനങ്ങളനുസരിച്ച് ജനങ്ങൾ നടക്കണം. ആ രീതിയിൽ അല്ലാഹുവും അവരെ സ്നേഹിക്കുന്നതായിരിക്കും. അതുകൊണ്ട് അല്ലാഹുവിന് പ്രിയപ്പെട്ടവനാക്കുന്നതിനുള്ള മാർഗവും അവൻ പറഞ്ഞുതന്നത് അവന്റെ റസൂലിനെ സത്യസന്ധമായ നിലയിൽ പിൻപറ്റുക എന്നാണ്. അല്ലാഹുവിന് പ്രിയപ്പെട്ടവരും സത്യസന്ധന്മാരും ലോകത്ത് തൗഹീദ് സ്ഥാപിക്കുന്നതിനുള്ള മാതൃകയായിരിക്കുമെന്ന കാര്യവും നമ്മൾ ഓർമവയ്ക്കേണ്ടതാണ്.

പ്രവാചകന്മാർ ആദ്യം പഠിപ്പിക്കുന്നത് തൗഹീദിന്റെ സംസ്ഥാപനമാണ്. അതിന്റെ ഏറ്റവും പരമമായ അവസ്ഥ നബി(സ)തിരുമേനിയുടേതാണ്. ഇക്കാര്യമാണ് തന്നെ വിശ്വസിക്കുന്നവരിൽ ആ മഹാത്മാവ് ഉണ്ടാക്കിയത്. സ്വഹാബാക്കൾ ആ മഹാത്മാവിൽനിന്ന് ദാനശീലത പ്രാ പിക്കുകയും അല്ലാഹുവിനെ സ്നേഹിക്കുന്നതിന്റേയും ആരാധിക്കുന്നതിന്റേയും നിലവാരം നേരിട്ട് ദർശിക്കുകയും


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ചെയ്തു. അത് അവരിലും യഥാർഥമായ ആവേശം സൃഷ്ടിച്ചു. ആ മാതൃക നമ്മളോളം എത്തിച്ചതിൽ സ്വഹാബാക്കൾക്ക് വളരെ വലിയ പങ്കാണുള്ളത്. എന്നല്ല ഔദാര്യമാണുള്ളത്.

ഇതുസംബന്ധമായി അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഉമർ(റ)ന്റെ ഒരു സംഭവം ഉദ്ധരിച്ചുകൊണ്ട് വിവരിക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹുവിനെ പിടിച്ചല്ലാതെ ആരെ പിടിച്ചും സത്യം ചെയ്യരുത്. ചിലയാളുകൾ തങ്ങളുടെ പ്രിയപ്പെട്ടവരെ പിടിച്ച് സത്യം ചെയ്യാറുണ്ട്. ഇത് തൗഹീദിൽനിന്ന് അകറ്റിക്കളയുന്ന കാര്യമാണ്. ഒരിക്കൽ ഒരു ചോദ്യകർത്താവ് ചോദിച്ചു:'അല്ലാഹുവിന്റെ റസൂലേ! ഒരാൾ തന്റെ ആത്മാഭിമാനത്തിനും ഒരാൾ തന്റെ ധീരത പ്രകടിപ്പിക്കുന്നതിനും ഒരാൾ യുദ്ധമുതൽ പിടിച്ചെടുക്കുന്നതിനുംവേണ്ടി യുദ്ധം ചെയ്യുന്നു. ഇവരിൽ ജിഹാദു ചെയ്യുന്നവനാരാണ്? നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹുവിന്റെ വചനം ഉയർന്നു നില്ക്കുന്നതിനും തൗഹീദു സ്ഥാപിതമാകുന്നതിനുംവേണ്ടി പോരാടുന്നവനാണ് യഥാർഥത്തിൽ ജിഹാദു ചെയ്യുന്നവൻ.'

ഒരിക്കൽ മക്കയിലെ നേതാക്കന്മാർ സംസാരിക്കുന്നതിനുവേണ്ടി നബി(സ)തിരുമേനിയെ വിളിപ്പിച്ചു. അവർ പറഞ്ഞു: 'താങ്കളുടെ ഉദ്ദേശ്യം സ്വത്തു സമ്പാദിക്കുക എന്നതാണെങ്കിൽ ഞങ്ങൾ എല്ലാ സമ്പത്തും താങ്കൾക്കുനൽകാം. ഞങ്ങളിലെ ഏറ്റവും വലിയ സമ്പന്നനാക്കാം. നേതാവാകാനാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ താങ്കളെ ഞങ്ങളുടെ നേതാവായി അംഗീകരിച്ചുകൊള്ളാം.' നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങൾ മനസ്സിലാക്കുന്നത് തെറ്റാണ്. ഞാൻ ഇക്കാര്യങ്ങളൊന്നും ആഗ്രഹിക്കുന്നില്ല. എന്നെ അല്ലാഹു നബിയായി നിയോഗിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ അല്ലാഹുവിന്റെ സന്ദേശമെത്തിച്ചു. സ്വീകരിക്കുകയാണെങ്കിൽ അതിൽ നിങ്ങൾക്ക് ഗുണമുണ്ട്. ഇല്ലെങ്കിൽ അല്ലാഹു തീരുമാനം കല്പിക്കുന്നതുവരെ ക്ഷമിക്കുക.' തൗഹീദ് അഥവാ ഏകദൈവവിശ്വാസം എങ്ങനെയാണ് സ്ഥാപിതമായതെന്ന് പിന്നീട് ലോകം കണ്ടു.

അമീറുൽമുഅ്മിനീൻ പറഞ്ഞു:'തൗഹീദ് സംസ്ഥാപനത്തിന്റെ കയറ്റമുണ്ടാകുന്നത് ആരാധനയുടെ ഉന്നത മാതൃക സ്ഥാപിതമാകുമ്പോഴാണ്. നമ്മുടെ യജമാനരായ നബി(സ)തിരുമേനി അതിന്റേയും ഉന്നത മാതൃകയാണ് സ്ഥാപിച്ചത്. അതിന് അല്ലാഹു സാക്ഷി പറഞ്ഞത് ഇപ്രകാരമായിരുന്നു: *'അല്ലദീ യറാക്ക ഹീന തഖൂം. വ തഖല്ലുബക്ക ഫിസ്സാജിദീൻ.* രാത്രികൾ ആരാധനാകർമങ്ങളിൽ കഴിച്ചുകൂട്ടുന്ന ആത്മാർഥരായവരുടെ ജമാഅത്താണ് തൗഹീദിന്റെ സംസ്ഥാപനത്തിലൂടെ നീ ഉണ്ടാക്കിയിരിക്കുന്നത്.' എവിടെയാണോ നമുക്ക് തൗഹീദിനുവേണ്ടിയുള്ള ആവശ്യം ദൃശ്യമാകുന്നത് അവിടെ നബി(സ)തിരുമേനി, തന്നെ വിശ്വസിക്കുന്നവരിൽ അല്ലാഹുവിന്റെ മുമ്പിൽ മാത്രം കുനിയുന്നവരെ ഉണ്ടാക്കാനും ആഗ്രഹിച്ചിരുന്നതായി കാണുന്നു.

ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു:'ഓരോ നബിയ്ക്കും ഓരോ ആഗ്രഹമുണ്ടാകും. എന്റെ ആഗ്രഹം ആരാധനയാണ്.' ഒരു സ്വഹാബി പറയുന്നു: 'ഒരിക്കൽ നബി(സ)തിരുമേനി ആരാധനയിൽ മുഴുകിയിരിക്കുന്നതു കണ്ടു. അവിടത്തെ നെഞ്ചിൽനിന്ന് ചക്കു കറങ്ങുമ്പോഴുണ്ടാകുന്ന ശബ്ദമാണ് പുറത്തു വന്നിരുന്നത്.' 'ചെമ്പിൽ വെള്ളം തിളയ്ക്കുന്നതുപോലുള്ള ശബ്ദം കേട്ടിരുന്നു' വെന്നും ഒരു രിവായതിൽ വന്നിട്ടുണ്ട്.

ഹദ്റത്ത് ആയിശാ(റ)പറയുന്നു:'തഹജ്ജുദ് നമസ്കാരം ഉപേക്ഷിക്കരുത്. കാരണം നബി(സ)തിരുമേനി അതുപേക്ഷിക്കാറുണ്ടായിരുന്നില്ല. രോഗം ബാധിച്ചാൽ ഇരുന്നു നമസ്കരിക്കുമായിരുന്നു.' ഒരിക്കൽ ഹദ്റത്ത് ആയിശാ(റ) പറഞ്ഞു:'രോഗവും ക്ഷീണവുമുണ്ടായിരുന്നിട്ടും ഇന്നും ദീർഘമായ സൂറത്തുതന്നെയാണ് ഓതിയത്.'

സ്വഹാബാക്കൾ നബി(സ)തിരുമേനിയിൽ ഈ ആവേശം കണ്ടു. ആ മഹാത്മാവിന്റെ ജീവിതചര്യ അവർ സ്വായത്തമാക്കി. മുമ്പേ ബഹുദൈവവിശ്വാസികളായിരുന്ന അവർ പിന്നാലെ വരുന്നവർക്ക് ആരാധിക്കുന്നതിന് മാതൃകയാ യി മാറി. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'സ്വഹാബാക്കളുടെ അവസ്ഥ എന്തായിരുന്നു? നബി(സ)തിരുമേനി അവരിൽ എന്തു വിപ്ലവമാണുണ്ടാക്കിയത്? അവരെ *വ യഅ്കുലൂന കമാ തഅ്കുലുൽ അൻആമു* എന്നതിൽനിന്ന് *യബീത്തൂന ലി റബ്ബിഹിം സുജ്ജദൻവ്വഖിയാമ* ആക്കിത്തീർത്തു. ലോകത്തെ ഒരു ജനതയുടെ ചരിത്രത്തിലും അതിനു മാതൃക ലഭിക്കുകയില്ല. ഈ സത്യം കാലത്തിന് അംഗീകരിക്കേണ്ടിവന്നു.'

ഇക്കാലത്ത് ഈ വിപ്ലവമുണ്ടാക്കുന്നതിനുവേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. ആത്മപരിശോധന നടത്തേണ്ടതും ചിന്തിക്കേണ്ടതും നമ്മുടെ ജോലിയാണ്. നബിമാർ ലോകത്തു വരുന്നത് സത്യം പ്രചരിപ്പിക്കാനാണ്. ഇതിലും നബി(സ)തിരുമേനിയുടെ സ്ഥാനം അത്യുന്നതമാണ്. ആ മഹാത്മാവിന്റെ സത്യസന്ധത ശത്രുക്കളും അംഗീകരിക്കുന്നു. ഒരിക്കൽ ആ മഹാത്മാവിനെ ഇന്ദ്രജാലക്കാരനായി ചിത്രീകരിക്കാനും കള്ളപ്രവാചകനായി പ്രഖ്യാപിക്കാനും ശത്രുക്കൾ പരസ്പരം കൂടിയാലോചിക്കുമ്പോൾ നദ്ർ ബിൻ ഹാരിഥ് പറഞ്ഞു:"മുഹമ്മദ് നിങ്ങളിലാണ് യുവാവായത്. എല്ലാവരെക്കാളുമധികം വിശ്വസ്തനും സത്യസന്ധനുമായിരുന്നു. ഇപ്പോൾ അവൻ സന്ദേശവുമായി വന്നപ്പോൾ കള്ളനാണെന്ന് നിങ്ങൾ പറയുകയാണോ? അവൻ കള്ളനോ ഇന്ദ്രജാലക്കാരനോ അല്ല. ജോത്സ്യനോ കവിയോ ഭ്രാന്തനോ അല്ല."

ഒരിക്കൽ ബദ്ധവൈരിയായ അബൂജഹ്ൽ പറഞ്ഞു:'ഞാൻ നിന്നെ കള്ളനെന്ന് പറയുകയില്ല. മറിച്ച് നീ കൊണ്ടുവന്ന അധ്യാപനം കളവാണെന്നാണ് പറയുന്നത്.' നബി(സ) തിരുമേനി പറഞ്ഞു:'ഞാൻ ഇത്രകാലം നിങ്ങളുടെ ഇടയിൽ കഴിഞ്ഞു. എന്നെ കള്ളനെന്ന് പറയാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല. എന്നാൽ, ജീവിതം മുഴുവൻ സത്യം പറഞ്ഞിരുന്ന ഞാൻ ഇന്ന് ഈ അധ്യാപനം കാരണത്താൽ കളവു പറയുമെന്നാണോ?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പ്രവാചകന്മാർ നേരായ മാർഗ്ഗത്തിലൂടെ തങ്ങളെ ശരിയാക്കിയെടുത്തു. *ഫഖദ് ലബിസ്തു ഫീക്കും ഉമുറൻ മിൻഖബ്ലിഹീ* (ഇതിനു മുമ്പേ ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ?)എന്ന സാക്ഷ്യം വിശുദ്ധഖുർആനിലുണ്ട്. അതുകൊണ്ട് ആ നബിയെ വിശ്വസിക്കുന്നവർ തങ്ങളുടെ നിലവാരമെന്താണെന്ന് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.'

നബി(സ) തിരുമേനിയുടെ ഒരു സവിശേഷഗുണം സ്മരിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ പറഞ്ഞു: അല്ലാഹു നബി(സ) തിരുമേനിക്ക് വിജയങ്ങൾ നൽകിയതനുസരിച്ച് ആ മഹാത്മാവിന്റെ എളിമയും വർധിച്ചുകൊണ്ടേപോയി. ഒരിക്കൽ വിറച്ചുകൊണ്ട് ഒരാൾ വന്നു. അയാൾ വല്ലാതെ ഭയന്നിരുന്നു. അയാളോട് നബി(സ) തിരുമേനി പറഞ്ഞു: 'ഉണക്കയിറച്ചി തിന്നു ജീവിച്ചിരുന്ന ഒരു കിഴവിയുടെ മകനായ എന്നെ താങ്കൾ എന്തിനാണ് ഭയക്കുന്നത്?'

ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു:"തന്റെ കർമങ്ങൾ കൊണ്ട് ആരും ഒരിക്കലും മോക്ഷം പ്രാപിക്കുകയില്ല.' സ്വഹാബാക്കൾ ചോദിച്ചു: 'അങ്ങയും?' അവിടന്ന് പറഞ്ഞു: 'അല്ലാഹു എന്നെ തന്റെ കാരുണ്യത്തിൽ എടുക്കാത്തിടത്തോളം ഞാനും അങ്ങനെതന്നെ.' അദ്ദേഹത്തിന്റെ കൈ തന്റെ കൈയാണെന്ന് അല്ലാഹു പറഞ്ഞ ആ മഹാത്മാവിന്റെ അവസ്ഥ ഇതാണ്.

പറഞ്ഞു:'ഒരിക്കലും നിങ്ങളുടെ അല്ലാഹുവിനോടു നന്ദികേടു കാണിക്കരുത്. അവനുമായുള്ള ബന്ധം ഉപേക്ഷിക്കുകയുമരുത്.

ഭൗതികവിജയം കിട്ടുമ്പോൾ ആളുകൾ ഫിർഔൻ ആയിത്തീരുന്നു. പക്ഷേ, സമ്പൂർണ മനുഷ്യന്റെ മാതൃക എന്തായിരുന്നു? അക്രമം കാണിച്ച് പുറത്താക്കാനും ഇസ്ലാമിനെ ഭൂലോകത്തുനിന്ന് തുടച്ചുനീക്കാനും ആഗ്രഹിച്ച ആ പട്ടണം! പിന്നീട് അല്ലാഹുവിന്റെ വിധിയാൽ മക്കാവിജയമുണ്ടാകുകയും നബി(സ) തിരുമേനി അതിൽ പ്രവേശിക്കുകയും ചെയ്ത അവസ്ഥ നോക്കുക. ചരിത്രം പറയുന്നു: 'വിജയശ്രീലാളിതനായി നബി(സ) തിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ, അന്ന് ആ ദിവ്യാത്മാവിന്റെ സന്തോഷത്തിന്റെ ദിവസമായിരുന്നു. എന്നാൽ, അവിടന്ന് അല്ലാഹുവിന്റെ കൃപാവരങ്ങളുടെ പ്രകടനത്തിൽ വിനയത്തിന്റെ അങ്ങേയറ്റത്തെ പാരമ്യതയിലായിരുന്നു ഉണ്ടായിരുന്നത്. അല്ലാഹു എത്രമാത്രം ഉയർത്തിയോ അവിടന്ന് അത്രമാത്രം വിനയത്തോടെ കുനിഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, തല കുനിഞ്ഞ് കുനിഞ്ഞ് ഒട്ടകത്തിന്റെ പൂഞ്ഞിയിൽ ചെന്ന് മുട്ടി.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നോക്കൂ! നമ്മുടെ നബി(സ)തിരുമേനി മക്ക കീഴടക്കിയപ്പോൾ അവിടന്ന് വിപത്തുകളുടെ കാലഘട്ടത്തിൽ തല കുനിച്ചിരുന്നതുപോലെ തല കുനിക്കുകയും സുജൂദ് ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'നബി(സ) തിരുമേനിയുടെ മനോഹരമായ സ്വഭാവഗുണങ്ങൾ എത്ര സദസ്സുകളിൽ വിവരിച്ചാലും തീരുകയില്ല. നബി(സ) തിരുമേനിയുടെ ധർമനിഷ്ഠയുടെ ഒരു വശം വിവരിക്കുകയാണ്. സഹാബാക്കൾ പറയുന്നു: ആ മഹാത്മാവിനേക്കാളധികം ധർമനിഷ്ഠയുള്ളയാളെ കണ്ടിട്ടേയില്ല.' ഒരു നിവേദനമുണ്ട്. നബി(സ) തിരുമേനിയോട് ചില അൻസാറുകൾ ധർമം ചോദിച്ചു. അവിടന്ന് കൊടുക്കുകയും ചെയ്തു. വീണ്ടും ചോദിച്ചു. വീണ്ടും കൊടുത്തു. വീണ്ടും ചോദിച്ചു. വീണ്ടും കൊടുത്തു. അവസാനം ഉണ്ടായിരുന്നതെല്ലാം തീർന്നു. ആ മഹാത്മാവ് പറഞ്ഞു: 'എന്റെയടുത്തുള്ള ധനം നിങ്ങളിൽനിന്ന് ഞാൻ ഒരിക്കലും തടഞ്ഞുവെക്കുകയില്ല.' ഒരിക്കൽ തൊണ്ണൂറായിരം ദിർഹം വിതരണം ചെയ്യുകയുണ്ടായി. ഒരു താഴ്വര നിറയെ ഉണ്ടായിരുന്ന ആട്ടിൻപറ്റമെല്ലാം ധർമം ചെയ്തു. ബഹറൈനിൽനിന്ന് വന്ന ചരക്കിന്റെ കൂമ്പാരം മസ്ജിദിൽ കൂട്ടിയിട്ടു. നമസ്കാരത്തിനുശേഷം അത് മുഴുവനും വിതരണം ചെയ്തു. ചിലപ്പോൾ ഗ്രാമീണരായ ആളുകൾ അധികാരത്തോടുകൂടി ചോദിക്കുമായിരുന്നു. പക്ഷേ, നബി(സ)തിരുമേനി അത് അവഗണിച്ച് അവർക്ക് നൽകുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബിമാർക്ക് ദാരിദ്ര്യത്തിന്റെ കാലവും വരാറുണ്ട്. അതോടൊപ്പം ഐശ്വര്യത്തിന്റേയും. അവരുടെ സൽമാതൃക വെളിച്ചത്ത് വരുന്നതിനാണത്. അധികാരവും ശക്തിയുമുള്ളപ്പോൾ മാപ്പ് നൽകുക എന്നത് യഥാർഥമായ സൽഗുണമാണ്. മാപ്പ് കൊടുക്കുക എന്ന സൽഗുണം കാണിക്കപ്പെടുന്നതിന് അധികാരവും ശക്തിയുമുണ്ടാകേണ്ടത് നിർബന്ധമാണ്. ബലഹീനതയും അധികാരവും രണ്ടുമുള്ളപ്പോഴാണ് രണ്ടുതരത്തിലുള്ള സ്വഭാവങ്ങളും പ്രകടമാകാൻ സാധ്യമാകുന്നത്. ഇതുസംബന്ധമായി ഒന്നാമത്തെ ചുവട് ഖാത്തമുർറുസൂലിന്റേതാണ്. ആ മഹാത്മാവിൽ ആ രണ്ടവസ്ഥകളുമുണ്ടായി. അവ മുഖേന സ്വഭാവങ്ങളുടെ സൂര്യനെപോലുള്ള മാതൃക വെളിപ്പെട്ടു.'

നന്ദി പ്രകടിപ്പിക്കുക എന്നത് ഒരു ശ്രേഷ്ഠഗുണമാണ്. അതിന്റെ ഉന്നതമായ നിലവാരം നബി(സ) തിരുമേനിയുടെ ഉൽകൃഷ്ടസ്വഭാവത്തിൽ ദൃശ്യമാകുന്നു. അവിടന്ന് അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള നന്ദിയുടെ ഉന്നതമായ മാതൃക സ്ഥാപിച്ചു. എത്രത്തോളമെന്നാൽ ആ മഹാത്മാവ് പുതുമഴത്തുള്ളികൾ തന്റെ നാവിലെടുക്കുമായിരുന്നു. ഇത് അല്ലാഹുവിന് നന്ദി കാണിക്കുന്നതിനുള്ള മാർഗമായിരുന്നു. നബി(സ) തിരുമേനിയുടെ ഭക്ഷണം അങ്ങേയറ്റം ലളിതമായിരുന്നു. അതിനും സാധാരണയായുള്ള തന്റെ വസ്ത്രങ്ങൾക്കും നന്ദി കാണിച്ചുകൊണ്ടിരുന്നു. അങ്ങയുടെ പാപങ്ങളെല്ലാം പൊറുക്കപ്പെട്ടിട്ടും അങ്ങെന്തിനാണ് ദൈവത്തിന്റെ മുമ്പിൽ ഇങ്ങനെ കരഞ്ഞുകരഞ്ഞ് അവനെ ആരാധിക്കുന്നത് എന്ന് ചോദിക്കപ്പെട്ടു. അപ്പോഴുള്ള മറുപടി: 'എനിക്ക് ഇത്രത്തോളം നൽകിയ എന്റെ അല്ലാഹുവിനോട് നന്ദി കാണിക്കണ്ടേ' എന്നായിരുന്നു.

നബി(സ)തിരുമേനി എങ്ങനെയാണ് മനുഷ്യരോടു നന്ദി കാണിച്ചിരുന്നത്? അതിന്റെ നിലവാരമെന്തായിരുന്നു? ഹദ്റത്ത് അബൂബക്കർ(റ) ആ മഹാത്മാവിന്റെ ഉറ്റ സുഹൃത്തായിരുന്നു. ഒരിക്കൽ ആരോ ഹദ്റത്ത് അബൂബക്കറിനെ എന്തോ പറഞ്ഞു. അതുകേട്ട നബി(സ) തിരുമേനി പറഞ്ഞു:'എന്നോട് ഏറ്റവും ഔദാര്യം കാണിച്ചിട്ടുള്ളത് അബൂബക്കറാണ്.' നബി(സ) തിരുമേനിക്കുമേൽ എന്ത് ഔദാര്യമാണ് കാണിക്കാനുള്ളത്? അത് സേവനം ചെയ്യുന്നവർക്കുള്ള ബഹുമതിയായിരുന്നു. പക്ഷേ, എന്നിട്ടും നന്ദി പ്രകടിപ്പിച്ചുകൊണ്ടേപോയി.

ഒരിക്കൽ ഹദ്റത്ത് ആയിശാ(റ) പറഞ്ഞു: അങ്ങ് എന്തിനാണ് എപ്പോഴും ഹദ്റത്ത് ഖദീജയെക്കുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്? അവരേക്കാൾ എത്രയോ നല്ല ഭാര്യമാരെ അല്ലാഹു അങ്ങേയ്ക്ക് നൽകിയിരിക്കുന്നു. അപ്പോൾ ആ മഹാത്മാവ് ഹദ്റത്ത് ഖദീജയുടെ സേവനങ്ങൾ ഓരോന്നും എണ്ണിയെണ്ണി പറഞ്ഞു. എപ്പോഴും അതിന് നന്ദി പ്രകടിപ്പിച്ചുകൊണ്ടിരുന്നു.

നജ്ജാശി ചെയ്ത ഔദാര്യത്തേയും നബി(സ) തിരുമേനി എപ്പോഴും സ്മരിച്ചിരുന്നു. തന്റെ കർമം കൊണ്ടും വാക്കുകൊണ്ടും നന്ദി പ്രകടിപ്പിച്ചുകൊണ്ടിരുന്നു. പറഞ്ഞു: ഒരിക്കൽ അദ്ദേഹത്തിൽനിന്നുള്ള ഒരു സംഘമാളുകൾ വന്നു. നബി(സ) തിരുമേനി എഴുന്നേറ്റുനിൽക്കുകയും അവരെ സ്വീകരിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: 'അദ്ദേഹം നമ്മുടെ സഖാക്കളെ ആദരിച്ചിരുന്നയാളാണ്. അദ്ദേഹത്തിന്റെ നന്മയ്ക്കുള്ള പ്രതിഫലം നന്മകൊണ്ട് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.'

സ്വഭാവങ്ങളുടെ അധ്യാപകൻ എന്ന നിലയിലും അത്ഭുതകരമായ പ്രൗഢിയാണ് ആ മഹാത്മാവിൽ ദൃശ്യമാകുന്നത്. ഒരുതവണ ഹദ്റത്ത് ആയിശാ(റ) പൊക്കംകുറഞ്ഞ സഫിയായെക്കുറിച്ച് എന്തോ ഒന്ന് പറഞ്ഞു. നബി(സ) തിരുമേനി അതുകേട്ടുകൊണ്ട് പറഞ്ഞു: 'കടലിൽ കലർത്തിയാൽ അതിനെപോലും കയ്പ്പുള്ളതാക്കുന്ന തരത്തിലുള്ളതാണ് ആ വാക്യം.'

അയൽവാസികളോട് നല്ലനിലയിൽ പെരുമാറാനുള്ള പാഠമുണ്ട്. ഞാൻ നല്ലവനാണെന്ന് എനിക്കെങ്ങനെ അറിയാൻ കഴിയുമെന്ന് ഒരിക്കൽ ആരോ ചോദിച്ചു. താങ്കൾ നല്ലവനാണെന്ന് താങ്കളുടെ അയൽവാസി പറയുന്നത് എപ്പോഴെങ്കിലും കേട്ടാൽ താങ്കൾ മനസ്സിലാക്കിക്കൊള്ളുക നല്ലവനാണെന്ന്. ഇനി ദുർമാർഗിയാണെന്ന് പറഞ്ഞാലോ താങ്കൾ ദുർമാർഗിയായിരിക്കും. തന്നെ വിശ്വസിക്കുന്നവരിൽ നല്ല അവസ്ഥ കാണാൻ ആ മഹാത്മാവ് ആഗ്രഹിച്ചിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ആ മനുഷ്യൻ തന്റെ സത്തകൊണ്ടും സവിശേഷ ഗുണംകൊണ്ടും തന്റെ കർമങ്ങൾകൊണ്ടും തന്റെ പ്രവർത്തനങ്ങൾകൊണ്ടും തന്റെ ആത്മീയവും പരിശുദ്ധവുമായ കഴിവുകളുടെ ശക്തമായ നദികൊണ്ടും ജ്ഞാനപരമായും കർമപരമായും സത്യപരമായും ദൃഢപരമായും തികവുറ്റ മാതൃക കാണിക്കുകയും സമ്പൂർണമനുഷ്യനെന്ന് പറയപ്പെടുകയും ചെയ്തു. ആ മനുഷ്യൻ ഏറ്റവും അധികം തികവുറ്റവനും സമ്പൂർണമനുഷ്യനും സമ്പൂർണ നബിയുമായിരുന്നു. അദ്ദേഹം സമ്പൂർണമായ അനുഗ്രഹങ്ങളുമായി വന്നു. ആ മഹാത്മാവിൽനിന്ന് ആത്മീയമായ പുനരുജ്ജീവനവും ഒരുമിച്ചു കൂട്ടലും കാരണത്താൽ ദുൻയാവിലെ ആദ്യത്തെ ഉയിർത്തെഴുന്നേൽപ് പ്രകടമായി. മൃതമായ ഒരു ലോകംതന്നെ ആ മഹാത്മാവിന്റെ വരവോടെ

ശേഷം പേജ് 8ൽ

## ഖുത്ബ ജുമുഅ

**ലോകത്തിലെ എല്ലാ പട്ടണങ്ങളിലും എല്ലാ രാജ്യത്തും ഒരൊറ്റ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി ഒരുകൈയിൽ സംഘടിച്ചുകൊണ്ട് തങ്ങളുടെ ധനം ചെലവഴിക്കാൻ സമർപിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘത്തിലേയോ ജമാഅത്തിലേയോ അംഗങ്ങൾ ഇന്ന് ലോകത്തില്ല. ആ ഉദ്ദേശ്യം മതപരമായ പ്രചാരണവും സൃഷ്ടിസേവനവുമാണുതാനും. അതേ, ഈ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന ഒരൊറ്റ ജമാഅത്തുണ്ട്. ആ ജമാഅത്തിനെ അല്ലാഹു ഈ ഉദ്ദേശ്യത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ്. ആ ജമാഅത്ത് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ ജമാഅത്താണ്. അത് മസീഹ് മൗഊദിന്റേയും(വാഗ്ദത്ത മസീഹ്) മഹ്ദിയെ മഅ്ഹൂദിന്റേയും(അറിയപ്പെട്ട മഹ്ദി) ജമാഅത്താണ്. ഇസ്‌ലാമിനെ മുഴുലോകത്തും സ്ഥാപിക്കേണ്ട ജോലിയാണ് ആ ജമാഅത്തിൽ അർപിക്കപ്പെട്ടിട്ടുള്ളത്. അത് കഴിഞ്ഞ 128 വർഷമായി ഇസ്‌ലാമിക സേവനത്തിനും മനുഷ്യകുലത്തിന്റെ സേവനത്തിനുമായി അതിന്റെ ധനം ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനുകാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ജമാഅത്തിന് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ധനം ശരിയായ നിലയിൽ ചെലവഴിക്കുന്നതിനും ധനം ത്യാഗം ചെയ്യുന്നതിനുമുള്ള ഗ്രാഹ്യം പ്രദാനം ചെയ്തിരിക്കുന്നു എന്നതാണ്.**

**ഒരുപാടാളുകളുടെ ഉദാഹരണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥങ്ങളിലും മൽഫൂദാത്തിലും വിവരിച്ചിട്ടുണ്ട്. അവർ തങ്ങളുടെ സ്വന്തം ആവശ്യങ്ങൾ പരിഗണിക്കാതെ അത്യുത്സാഹത്തോടെ ത്യാഗങ്ങൾ ചെയ്തു.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ അംഗങ്ങൾക്ക് ഈ ത്യാഗങ്ങളുടെ ഉണർവ്വ് എങ്ങനെ ഉണ്ടായിയെന്നാൽ, ഒന്നിനുപിറകെ മറ്റൊരു തലമുറ ത്യാഗങ്ങൾ ചെയ്തുകൊണ്ടേ പോകുന്നു. എന്നല്ല ദൂരദൂര രാജ്യങ്ങളിൽ വസിക്കുന്നവരും പിന്നീടുവന്ന് ഇതിൽ ചേർന്നവരും ചേർന്നുകൊണ്ടിരിക്കുന്നവരും ആ മഹാത്മാക്കളുടെ ത്യാഗപരമായ കാര്യങ്ങൾ കേൾക്കുമ്പോൾ അല്ലെങ്കിൽ ഇന്ന ഉദ്ദേശ്യത്തിന് ത്യാഗത്തിന്റെ ആവശ്യമുണ്ടെന്ന് ശ്രവിക്കുമ്പോൾ, അല്ലാഹുവിന്റെ വചനങ്ങൾ കേട്ട് ത്യാഗങ്ങളുടെ ആത്മാവ് മനസ്സിലാക്കുമ്പോൾ അവരും അത്ഭുതമുളവാക്കുന്ന മാതൃകകൾ അവതരിപ്പിക്കുന്നു. സമ്പന്നരെക്കാളധികം ഇടത്തരക്കാരും ദരിദ്രരുമാണ് ത്യാഗങ്ങൾ സമർപിക്കുന്നത്. അത്ഭുതമുളവാക്കുന്ന മാതൃകകളാണ് അവർ കാഴ്ചവെക്കുന്നത്.**

**ലോകത്തെ വിവിധ രാജ്യങ്ങളിലെ അഹ്മദികളുടെ സാമ്പത്തികത്യാഗങ്ങളേയും കാലത്തിന്റെ ഖലീഫയുടെ വിളിക്കുത്തരം നല്കുന്നതിന്റേയും അങ്ങേയറ്റം തിളക്കമാർന്നതും ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നതിന്റേയും ഉദാഹരണങ്ങളുട ചൈതന്യവത്തായ ചർച്ച.**

**വഖ്ഫെ ജദീദിന്റെ 60-ാമത് വർഷത്തിന്റെ വിളംബരം**

**അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഇതുവരെ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൺപതു ലക്ഷത്തി ഇരുപതിനായിരം പൗണ്ടിന്റെ(8020000) ത്യാഗം ജമാഅത്തുകൾ സമർപിച്ചു.**

**ഈ വർഷവും പാക്കിസ്താൻ ലോകജമാഅത്തുകളിൽ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്താണുള്ളത്.**

**വഖ്ഫെജദീദിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ വർധന ഉണ്ടാക്കാൻ പ്രത്യേകമായ അഭ്യർഥന. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവുവന്നിട്ടുള്ള എല്ലാ രാജ്യങ്ങളും വഖ്ഫെ ജദീദ് അംഗങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ പോരായ്മകൾ വിലയിരുത്തുക. ജനങ്ങളിൽ ഒരു ബലഹീനതയുമില്ല. പ്രവർത്തകരിലാണ് ബലഹീനത കാണുന്നത്.**

**അല്ലാഹു ഈ എല്ലാ ത്യാഗങ്ങൾ ചെയ്യുന്നവരുടേയും സമ്പത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഭാവിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പ്രവർത്തനനിരതരാക്കുകയും തങ്ങളുടെ ജോലി ശരിയായനിലയിൽ നിർവഹിക്കാനും പോരായ്മകൾ അകറ്റാൻ ശ്രമിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. പ്രത്യേകിച്ചും അംഗസംഖ്യയിൽ കൂടുതൽ വർധന ഉണ്ടാകേണ്ടതാണ്. കുറച്ചു തുകയാണെങ്കിലും എല്ലാവരേയും പങ്കെടുപ്പിക്കേണ്ടതും നിർബന്ധമാണ്.**

**സാഹിബ് സാദ മിർസാ ഖലീൽ അഹ്മദ് സാഹിബിന്റെ ഭാര്യ അസ്മാ ത്വാഹിറ സാഹിബയേയും ചൗദ്‌രീ ഹമീദ് നസ്റുല്ലാഹ് ഖാൻ സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ഗായിബ് ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ജനുവരി 06/1396 സുൽഹ് 06**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ . اَلرَّحْمٰنِ الرَّحِيْمِ . مٰلِكِ يَوْمِ الدِّيْنِ . اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ .

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ . صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ .

ലോകത്ത് മനുഷ്യൻ പണം ചെലവഴിക്കുന്നു. വ്യക്തിപരമായ സമാധാനത്തിനും വ്യക്തിപരമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുംവേണ്ടി ചിലപ്പോൾ ദാനധർമങ്ങളും ചെയ്യുന്നു. പക്ഷേ, ലോകത്തിലെ എല്ലാ പട്ടണങ്ങളിലും എല്ലാ രാജ്യത്തും ഒരൊറ്റ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി ഒരുകൈയിൽ സംഘടിച്ചുകൊണ്ട് തങ്ങളുടെ ധനം ചെലവഴിക്കാൻ സമർപിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘത്തി ലേയോ ജമാഅത്തിലേയോ അംഗങ്ങൾ ഇന്ന് ലോകത്തില്ല. ആ ഉദ്ദേശ്യം മതപരമായ പ്രചാരണവും സൃഷ്ടിസേവനവുമാണുതാനും. അതേ, ഈ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന ഒരൊറ്റ ജമാഅത്തുണ്ട്. ആ ജമാഅത്തിനെ അല്ലാഹു ഈ ഉദ്ദേശ്യത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ്. ആ ജമാഅത്ത് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ ജമാഅത്താണ്. അത് മസീഹ് മൗഊദിന്റേയും (വാഗ്ദത്ത മസീഹ്) മഹ്ദിയെ മഅ്ഹൂദിന്റേയും(അറിയപ്പെട്ട മഹ്ദി) ജമാഅത്താണ്. ഇസ്‌ലാമിനെ മുഴുലോകത്തും സ്ഥാപിക്കേണ്ട ജോലിയാണ് ആ ജമാഅത്തിൽ അർപിക്കപ്പെട്ടിട്ടുള്ളത്. അത് കഴിഞ്ഞ 128 വർഷമായി ഇസ്‌ലാമിക സേവനത്തിനും മനുഷ്യകുലത്തിന്റെ സേവനത്തിനുമായി അതിന്റെ ധനം ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനുകാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ജമാഅത്തിന് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ധനം ശരിയായ നിലയിൽ ചെലവഴിക്കുന്നതിനും ധനം ത്യാഗം ചെയ്യുന്നതിനുമുള്ള ഗ്രാഹ്യം പ്രദാനം ചെയ്തിരിക്കുന്നു എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു:

"അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാൻ ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നു. ഇത് അല്ലാഹുവിന്റെ കല്പനയാണ്." (ഇതു അല്ലാഹുവിന്റെ കല്പനയിൽപ്പെട്ടതാണ്). "കാരണം ഇസ്‌ലാം ഈ നേരത്ത് അധഃപതനാവസ്ഥയിലാണുള്ളത്. അതിന്റെ ബാഹ്യവും ആന്തരികവുമായ ബലഹീനതകൾ കണ്ടുകൊണ്ട് മനസ്സ് അസ്വസ്ഥമായിപ്പോകുന്നു. ഇസ്‌ലാം മറ്റുള്ള ശത്രുമതങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു." പറഞ്ഞു: "ഈ അവസ്ഥ ഉണ്ടായിട്ടുള്ളപ്പോൾ ഇസ്‌ലാമിന്റെ പുരോഗതിക്കായി നമ്മൾ ചുവടുയർത്തണ്ടേ? അല്ലാഹു ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. അതിനാൽ അതിന്റെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുക എന്നത് അല്ലാഹുവിന്റെ കല്പനയും ഇച്ഛയും പൂർത്തിയാക്കുക എന്നതാണ്."

വീണ്ടും പറഞ്ഞു: "അല്ലാഹുവിന് ആരാണോ നല്കുന്നത് അല്ലാഹു അവന് ഇരട്ടിനല്കുമെന്നു ള്ളതും അവന്റെ വാഗ്ദാനമാണ്. ഇഹലോകത്തുതന്നെ അവന് ഒരുപാട് ലഭിക്കുന്നതാണ്. മരിച്ചതിനുശേഷം ആഖിറത്തിലെ പ്രതിഫലവും അതായത് എത്രത്തോളം സൗഖ്യം കൈവരുന്നുവെന്ന് കാണുന്നതാണ്. ചുരുക്കത്തിൽ ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കായി നിങ്ങളുടെ ധനം ചെലവഴിക്കാൻ ഈ നേരത്ത് ഞാൻ നിങ്ങളെല്ലാവരുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്." (മൽഫൂദാത്ത് വാല്യം 8 പേജ് 393-394)

ആ പുണ്യാത്മാവിന്റെ സ്വഹാബാക്കൾ ഇക്കാര്യം മനസ്സിലാക്കുകയും തങ്ങളുടെ ധനം ദീനീപരമായ ഉദ്ദേശ്യങ്ങൾക്കായി സമർപിക്കുകയും ചെയ്തു. ത

ന്നെ വിശ്വസിക്കുന്നവർ സാമ്പത്തികത്യാഗത്തിൽ എങ്ങനെയാണ് വളർന്നിട്ടുള്ളതെന്ന് പല അവസരങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് മിനാരത്തുൽ മസീഹിന്റെ നിർമാണപദ്ധതി! ധാരാളം പദ്ധതികൾ ആ മഹാത്മാവ് വിളംബരം ചെയ്തിട്ടുള്ളതാണ്. പുസ്തകപ്രസാധനം, മറ്റുചില ഉദ്ദേശ്യസാഫല്യങ്ങൾക്കുള്ള പദ്ധതി, അതുപോലെ മിനാരത്തുൽമസീഹിനുവേണ്ടിയും അവിടന്ന് പദ്ധതി വിളംബരം ചെയ്തപ്പോൾ വില്ലേജ് രജിസ്ട്രാറായ മുൻശി അബ്ദുൽ അസീസ് സാഹിബ് ചെയ്ത ത്യാഗം സ്മരിച്ചുകൊണ്ട് എന്നല്ല രണ്ടുപേരെ അബ്ദുൽ അസീസ് സാഹിബിനേയും ശാദിഖാൻ സാഹിബിനേയും സ്മരിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ ജമാഅത്തിൽനിന്നുള്ള രണ്ടാളുകൾ ഇതിനുവേണ്ടി ചന്ദകൾ നൽകി. അത് മറ്റു സുഹൃത്തുക്കൾക്ക് വാസ്തവത്തിൽ അസൂയ ഉണ്ടാക്കുന്നതാണ്. അവരിലൊരാളുടെ പേര് മുൻശി അബ്ദുൽ അസീസ് എന്നാണ്. ഗുർദാസ് ജില്ലയിൽ വില്ലേജ് രജിസ്ട്രാറാണ് അദ്ദേഹം. അദ്ദേഹം കുറഞ്ഞ വരുമാനക്കാരനായിട്ടും നൂറ് രൂപ ഈ പ്രവർത്തനത്തിനായി സംഭാവന ചെയ്തു. ഈ നൂറ് രൂപ വർഷങ്ങളായുള്ള അദ്ദേഹത്തിന്റെ സമ്പാദനമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.' പറഞ്ഞു: കൂടുതൽ പ്രശംസാർഹമായി ഞാനിതിനെ കരുതുന്നു. ഇപ്പോൾ അദ്ദേഹം മറ്റൊരു പ്രവർത്തനത്തിനും നൂറ് രൂപ ചന്ദ നൽകിക്കഴിഞ്ഞിരിക്കുന്നു.' പിന്നീട് പറഞ്ഞു: 'രണ്ടാമത്തെ ആത്മാർഥനായ വ്യക്തി ഈ സമയത്ത് വലിയ പൗരുഷം കാണിച്ചുകൊണ്ട് ചന്ദ നൽകിയ വിറക് വ്യാപാരിയായ സിയാൽക്കോട്ടിലെ മിയാ ശാദിഖാനാണ്. അദ്ദേഹം ഒരു പ്രവർത്തനത്തിന് 150 രൂപ ചന്ദ നൽകിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഈ പ്രവർത്തനത്തിനും 200 രൂപ ചന്ദ അയച്ചുതന്നിരിക്കുന്നു. ഇദ്ദേഹം അല്ലാഹുവിൽ സർവ്വവും ഭരമേൽപിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ വീട്ടിലുള്ള എല്ലാ വസ്തുക്കളും കണക്കുകൂട്ടിനോക്കിയാൽ മൊത്തം 50 രൂപയിൽ കൂടുതൽ ഉണ്ടാവുകയില്ല.' പറഞ്ഞു: 'ഇപ്പോൾ വരൾച്ചയുടെ നാളുകളാണെന്നും കച്ചവടത്തിൽ വ്യക്തമായ നഷ്ടമാണ് കാണുന്നതെന്നും അതുകൊണ്ട് ആത്മീയമായ കച്ചവടം ചെയ്യുന്നത് ഉത്തമമായിരിക്കുമെന്നും അതിനാ ൽ തന്റെ കൈയിലുള്ളതെല്ലാം താൻ അയച്ചിരിക്കുന്നുവെന്നും എഴുതിയിരിക്കുന്നു.' (മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 3, പേജ് 314-315)

ഇപ്രകാരം തന്നെ ഒരുപാടാളുകളുടെ ഉദാഹരണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിലും മൽഫൂദാത്തിലും വിവരിച്ചിട്ടുണ്ട്. അവർ തങ്ങളുടെ സ്വന്തം ആവശ്യങ്ങൾ പരിഗണിക്കാതെ അത്യുത്സാഹത്തോടെ ത്യാഗങ്ങൾ ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ അംഗങ്ങൾക്ക് ഈ ത്യാഗങ്ങളുടെ ഉണർവ്വ് എങ്ങനെ ഉണ്ടായി എന്നാൽ, ഒന്നിനുപിറകെ മറ്റൊരു തലമുറ ത്യാഗങ്ങൾ ചെയ്തുകൊണ്ടേ പോകുന്നു. എന്നല്ല ദൂരദൂര രാജ്യങ്ങളിൽ വസിക്കുന്നവരും പിന്നീടുവന്ന് ഇതിൽ ചേർന്നവരും ചേർന്നുകൊണ്ടിരിക്കുന്നവരും ആ മഹാത്മാക്കളുടെ ത്യാഗപരമായ കാര്യങ്ങൾ കേൾക്കുമ്പോൾ അല്ലെങ്കിൽ ഇന്ന ഉദ്ദേശ്യത്തിന് ത്യഗത്തിന്റെ ആവശ്യമുണ്ടെന്ന് കേൾക്കുമ്പോൾ, അല്ലാഹുവിന്റെ വചനങ്ങൾ കേട്ട് ത്യാഗങ്ങളുടെ ആത്മാവ് മനസ്സിലാക്കുമ്പോൾ അവരും അത്ഭുതമുളവാക്കുന്ന മാതൃകകൾ അവതരിപ്പിക്കുന്നു. സമ്പന്നരെക്കാളധികം ഇടത്തരക്കാരും ദരിദ്രരുമാണ് ത്യാഗങ്ങൾ സമർപിക്കുന്നത്. അത്ഭുത മുളവാക്കുന്ന മാതൃകകളാണ് കാഴ്ച വെക്കുന്നത്. തങ്ങളുടെ നിസാരമായ ത്യാഗംകൊണ്ട് എന്താകാനാണെന്ന ചിന്തയൊന്നും അവർക്കുണ്ടാകുകയില്ല. മറിച്ച് അല്ലാഹുവിന്റെ *വ മഥലുല്ലദീന യുൻഫിഖൂന അംവാലുഹുമുബ്തിഗാഅ മർളാത്തില്ലാഹി വ തഥ്ബീതൻ മ്മിൻ അൻഫുസിഹിം കമഥലി ജന്നതിൻ ബിറബ്വത്തിൻ അസാബഹാ വാബിലുൻ ഫ ആതത്ത് ഉകുലഹാ ളിഅ്ഫയ്നി ഫഇൻല്ലം യുസിബ്ഹാ വാബിലുൻ ഫത്വല്ലുൻ വല്ലാഹു ബി മാ തഅ്മലൂന ബസീർ (2:266)* എന്ന വചനത്തെ മനസ്സിലാക്കുന്നു എന്നതാണ്. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവു ചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റേതുപോലെയാണ്. അതിന് കനത്ത മഴ കിട്ടി. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നല്കി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽത്തന്നെയും ലഘുവായ മഴയായാലും മതിയാവും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടു കൊണ്ടിരിക്കുന്നവനാണ്.

അതിനാൽ ദരിദ്രജനങ്ങളുടെ ഈ ത്യാഗം 'തില്ല്' അതായത് മഞ്ഞുതുള്ളിപോലെയാണ്. അവരുടെ നിസാരത്യാഗംകൊണ്ട് ദീനിന്റെ തോട്ടത്തിന് ലഭിക്കുന്ന ഈ അല്പമാത്രമായ നനവ് അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ അസംഖ്യം ഫലങ്ങൾ കൊണ്ടുവരുന്നു. നമ്മൾ ഒരു ദരിദ്രജമാഅത്തിയിട്ടും ലോകത്ത് എല്ലായിടത്തും ഇസ്‌ലാമിക പ്രചാരണ വും സൃഷ്ടിസേവന പ്രവർത്തനവും ചെയ്തുകൊണ്ടിരിക്കുന്നു. പിന്നീട് അല്ലാഹുവിന്റെ കൃപയാൽ ഇത്ര കുറഞ്ഞ പ്രവർത്തനമാധ്യമങ്ങൾ മാത്രമായിരുന്നിട്ടും ഇത്രയധികം പ്രവർത്തനങ്ങൾ നിങ്ങൾ എങ്ങനെയാണ് ചെയ്യുന്നതെന്ന് പറഞ്ഞ് നമ്മുടെ പ്രവർത്തനങ്ങളിൽ ലോകം അത്ഭുതപ്പെട്ടുപോകും വിധം അവൻ ബർക്കത്തും ഇടുന്നു. ഇതുണ്ടാകുന്നത് ഈ ത്യാഗങ്ങൾ ചെയ്യുന്നവർ *യുൻഫിഖൂന അംവാലുഹുമുബ്തിഗാഅ മർളാത്തില്ലാഹി* എന്ന് അല്ലാഹു ഉദാഹരിച്ചു പറഞ്ഞ കൂട്ടരിൽ ചേരാൻ ശ്രമിക്കുന്നു എന്നതാണ്. അവർ തങ്ങളുടെ സമ്പത്തുകൾ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് ചെലവഴിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യമാകുമ്പോൾ ഫലങ്ങളും ധാരാളം പിടിക്കുന്നു. അനുഗ്രഹങ്ങളും ധാരാളം പതിയുന്നു. ഞാൻ പറഞ്ഞതുപോലെ ആ ത്യാഗങ്ങളുടെ മാതൃകകൾ ഇന്നുമുണ്ട്. എന്നല്ല നിരവധിയുണ്ട്. അവയിൽ ചിലത് സമർപിക്കുകയാണ്.

ഖാദിയാനിൽനിന്ന് ആയിരക്കണക്കിന് മൈൽ അകലെ വസിക്കുന്ന ഒരു പെൺകുട്ടി അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും മടിത്തട്ടിൽ വന്നപ്പോ ൾ അവളുടെ ചിന്താഗതി എങ്ങനെയാണ് മാറിപ്പോയത്. ത്യാഗത്തിന്റെ എന്തു ഗ്രാഹ്യമാണ് അവൾക്ക് കരസ്ഥമായത്. ആ സംഭവം അവളുടെ നാവിൽ നിന്നുതന്നെ കേൾക്കുക. ഉഗാണ്ടയിൽ താമസിക്കുന്ന പെൺകുട്ടിയാണിത്. നിരക്ഷരയല്ല. മറിച്ച് യൂണിവേഴ്സിറ്റിയിൽ വിദ്യാർഥിനിയാണ്. പറയുന്നു: 'കഴിഞ്ഞ ജൂലായിൽ യൂണിവേഴ്സിറ്റിയിൽ എനിക്ക് പ്രവേശനം കിട്ടുന്നതിനു മുമ്പേ കുറച്ചു സാധനങ്ങൾ വാങ്ങേണ്ടതുണ്ടായിരുന്നു. പക്ഷേ, അതിന് പണം തികയുമായിരുന്നില്ല. എന്റെ ചന്ദയും കുടിശ്ശികയായിരുന്നു. അങ്ങനെ ഞാൻ ആ പണം ചന്ദ കൊടുത്തു. അല്ലാഹു എന്നെ തീർച്ചയായും സഹായിക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. എന്റെ ചന്ദ കൊടുത്തതിൽ ഞാൻ സംതൃപ്തയായിരുന്നു. ഒരു മാസത്തിനുശേഷം യൂണിവേഴ്സിറ്റി തുറക്കുന്നതിന് മൂന്നുദിവസം ബാക്കിയുള്ളപ്പോൾ എന്റെ ഒരു ആന്റി എന്റെ ഉമ്മായ്ക്ക് ഫോൺചെയ്ത് എപ്പോഴാണ് ഞാൻ യൂണിവേഴ്സിറ്റിയിൽ പോകുന്നതെന്ന് ചോദിച്ചു. എന്നെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. ഞാൻ വൈകുന്നേരം അവരുടെ വീട്ടിൽപോയപ്പോൾ അവർ കുറച്ചു പണം എന്റെ കൈയിൽ പിടിപ്പിച്ചു. അതെന്റെ യൂണിവേഴ്സിറ്റിയിലെ ചെലവിനെക്കാൾ വളരെ അധികമായിരുന്നു. ചന്ദ കൊടുത്തതിനെക്കാൾ പത്തിരട്ടി അധികമായിരുന്നു അത്. ഇപ്രകാരം അല്ലാഹു എന്റെ ദുആകൾ കേട്ടു. ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത സ്ഥലത്തുനിന്ന് എന്നെ സഹായിച്ചു.

ഇൻഡ്യയിൽനിന്ന് മഞ്ചേരി ജമാഅത്തുമായി ബന്ധമുള്ള ഒരു സാഹിബിനെ കുറിച്ച് അവിടെത്തെ ഇൻസ്പെക്ടർ ഖമറുദ്ദീൻ സാഹിബ് എഴുതുന്നു: 'അദ്ദേഹത്തിന് റക്സിൻ കച്ചവടമാണ്. ഞാൻ അദ്ദേഹത്തിൽനിന്ന് ചന്ദ വാങ്ങുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ കടയിൽപോയി. അപ്പോൾ തന്റെ ധാരാളം പൈസ കുടുങ്ങിക്കിടക്കുകയാണെന്നും അതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ, എന്നിട്ടും അദ്ദേഹം ഒരു വൻതുക ചെക്കെഴുതിക്കൊടുത്തുകൊണ്ട് പറഞ്ഞു: 'ഈ സമയത്ത് അക്കൗണ്ടിൽ ഇത്ര പണമില്ല. ഇതു പെട്ടെന്ന് അടച്ചുതീർക്കാൻ ദുആ ചെയ്യുക.' പറയുന്നു: 'അടുത്ത ദിവസംതന്നെ അദ്ദേഹത്തിന്റെ ഫോൺവന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചെക്ക് നല്കിയതിനുശേഷം എന്റെ അക്കൗണ്ടിൽ വളരെ വലിയ തുക വന്നിട്ടുണ്ട്. അതുകൊണ്ട് താങ്കൾ ചെക്ക് മാറാൻ കൊടുത്തുകൊള്ളുക. അദ്ദേഹം പറഞ്ഞു, ഇത്ര പെട്ടെന്ന് അല്ലാഹു ഈ സാഹചര്യമൊരുക്കിയത് ചന്ദയുടെ ബർക്കത്തൊന്നുമാത്രമാണ്.'

പൂർവാഫ്രിക്കയിലെ ഒരു രാജ്യമായ ടാൻസാനിയാ (Tanzania)യിലെ വിധവയുടെ ഒരു മാതൃകയുണ്ട്. അതിനെക്കുറിച്ച് അമീർസാഹിബ് എഴുതുന്നു: 'ഔറംഗാ ടൗണിലെ മുഅല്ലിം സാഹിബ് ഒരു വിധവയായ അമീനായുടെ അടുക്കൽ ചന്ദ വാങ്ങുന്നതിനുവേണ്ടി പോയി. അപ്പോൾ അവർ വളരെ വേദനയോടെ പറഞ്ഞു:'ഈ സമയത്ത് എന്റെ കൈയിൽ ഒന്നുമില്ല. എവിടെനിന്നെങ്കിലും കിട്ടുകയാണെങ്കിൽ ഞാൻ നേരിട്ട് കൊണ്ടുത്തരാം. മുഅല്ലിം സാഹിബ് വീട്ടിലെത്തുന്നതിനുമുമ്പേ ആ സ്ത്രീ പത്തായിരം ഷില്ലിങ്ങുമായി വന്നു. എന്നിട്ടു പറഞ്ഞു:'ഈ തുക എവിടെനിന്നോ വന്നതാണ്. അപ്പോൾ താങ്കൾക്ക് തന്നിട്ടുപോകാമെന്നു കരുതി. ആദ്യം ചന്ദ കൊടുക്കാം പിന്നീട് സ്വന്തം കാര്യം ചെയ്യാമെന്നു വിചാരിച്ചു.' പറഞ്ഞു, 'എന്റെ വാഗ്ദാനം ഇരുപത്തയ്യായിരത്തിന്റേതായിരുന്നു. ബാക്കിയുള്ള പതിനയ്യായിരവും ഇങ്ങനെത്തന്നെ എനിക്ക് കിട്ടിക്കൊള്ളും. അപ്പോൾ ഞാൻ അതും കൊണ്ടുവരുന്നതാണ്. അങ്ങനെ പത്ത് മിനിറ്റിനു ശേഷം ആ തുകയുമായി വീണ്ടും വന്നു. അവർ പറഞ്ഞു, അല്ലാഹുവിന്റെ പെരുമാറ്റം നോക്കുക. ഞാൻ പത്തായിരം അവന്റെ വഴിയിൽ കൊടുത്ത് വീട്ടിലെത്തുന്നതിനുമുമ്പേ അല്ലാഹു എനിക്ക് മുപ്പത്തി അയ്യായിരം അയച്ചു. ഇതിൽനിന്ന് പതിനയ്യായിരം കുടിശ്ശിക അടച്ചതിനുശേഷവും എന്റെ കൈയിൽ ഇരുപതിനായിരം ബാക്കിയായി. ഇത് അല്ലാഹു മാത്രം നല്കിയതാണ്. ചന്ദയുടെ അനുഗ്രഹവുമാണ്.' ഇപ്രകാരം അവരുടെ ഈമാൻ വർധിച്ചു.

സെൻട്രൽ ആഫ്രിക്കയിലെ ഒരു രാജ്യമാണ് കോംഗോ(Congo). അവിടത്തെ ജനങ്ങളിൽ എങ്ങനെയാണ് ത്യാഗങ്ങളുടെ ആത്മാവ് രൂപംകൊണ്ടത്. എത്രത്തോളം വലിയ ത്യാഗത്തിന്റെ ചൈതന്യമാണ് അവർക്കുള്ളത്. അതിനൊരു ഉദാഹരണം പറയുകയാണ്. അവിടത്തെ മുബല്ലിഗ് റമീസ് സാഹിബ് എഴുതുന്നു: കാലോംബ (Kalombayil)യിൽ ജമാഅത്തിന്റെ ഒരു ദായിഇലല്ലാഹ് സയീദീ സാഹിബ് അതിന്റെ ചുറ്റുവട്ടത്തുള്ള അഞ്ച് ജമാഅത്തുകളിൽ പര്യടനം നടത്തുകയും തബ്‌ലീഗും ചെയ്യുകയും ചെയ്യുന്നു. ഇപ്പോൾ ആ രാജ്യത്തിന്റെ അവസ്ഥ വളരെ മോശമാണ്. സെക്യൂരിറ്റിയുടെ ആപൽക്കരമായ അവസ്ഥയിലും അദ്ദേഹം തന്റെ ഹൽഖയിലെ എല്ലാ ജമാഅത്തുകളിലും സന്ദർശനം നടത്തി. പര്യടനം നടത്താൻ പറ്റിയ അവസ്ഥ അല്ലെങ്കിലും പുണ്യം നേടുന്നതിന് യാത്രാചെലവുകളും തന്റെ പോക്കറ്റിൽനിന്നാണ് എടുത്തിരുന്നത്. ഇപ്രകാരം പര്യടനത്തിൽ അദ്ദേഹം 53,000 ചന്ദ വഖ്ഫെ ജദീദ് വസൂൽ ചെയ്തു. അദ്ദേഹം പറഞ്ഞു: 'ഞാൻ ഒരു പഴയ അഹ്മദിയാണ്. എനിക്ക് യുവാക്കൾക്ക് മാതൃകയാവേണ്ടതുണ്ട്.' ഇപ്പോൾ നോക്കുക! അവിടത്തെ പഴയ അഹ്മദികൾ എത്രമാത്രം പഴയതായിരിക്കും? ഏറ്റവും കൂടിയാൽ 15, 20 വർഷം. ഇദ്ദേഹത്തിന്റെ പ്രായം 60 വയസ്സിനു മേലെയാണ്. പക്ഷേ, കഠിനാധ്വാനത്തോടുകൂടി ഒന്നാമതായി അദ്ദേഹം പ്രബോധനപ്രവർത്തനങ്ങൾ ചെയ്തുവരുന്നു. രണ്ടാമതായി അതിനോടൊപ്പം ചന്ദയിലേക്കും ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം ആ ആളുകളിൽ ഉണ്ടായിട്ടുള്ള ആത്മാവാണിത്. ദൂരദൂര സ്ഥലങ്ങളിൽ താമസിക്കുന്നവർ! അവിടെ ആ പ്രദേശങ്ങളിൽ റോഡുകളുടെ സൗകര്യംപോലുമില്ല. എന്നല്ല അവിടെ റോഡുകൾ ഇല്ലതന്നെ. അധികവും വെള്ളക്കെട്ടുള്ള പ്രദേശമാണ്. അതുകൊണ്ട് വഞ്ചികളിലാണ് യാത്ര. വളരെ ദീർഘവുമാണ്.

പശ്ചിമാഫ്രിക്കൻ രാജ്യമായ ബെനിൻ(Benin)നിലെ ഒരു അഹ്മദിയുടെ മാതൃക നോക്കുക. അദ്ദേഹം അഹ്മദിയായിട്ട് ഒരു വർഷംപോലും ആയിട്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ ഗ്രാഹ്യം ഏതു നിലവാരത്തിലുള്ളതാണ്. എന്നല്ല ഇതു പഴയ ആളുകൾക്കും മാതൃകയാണ്. അവിടത്തെ മുബല്ലിഗ് മുസഫ്ഫർ സാഹിബ് എഴുതുന്നു: 'തോനീ റീജ്യണിൽ പ്പെടുന്ന ഒരു ഗ്രാമമായ ഡേക്കാമ്പേയിൽ(Dekambe) ഈ വർഷമാണ് ജമാഅത്ത് രൂപീകരിച്ചത്. ഇവിടെത്തെ വാസികൾ പൊതുവെ മത്സ്യബന്ധനം നടത്തി കച്ചവടം ചെയ്യുന്നവരാണ്. മുക്കുവന്മാരാണ്. അതുകൊണ്ടാണ് അവർ ജീവിക്കുന്നത്. ലോക്കൽ മിഷണറി ആ ഗ്രാമവാസികളോടു ചന്ദയെ കുറിച്ച് പറഞ്ഞു. അപ്പോൾ സാമ്പത്തികമായി വളരെ പിന്നിലായ ഒരു അഹ്മദി ക്ഷണത്തിൽ പ്രതികരിച്ചുകൊണ്ട് ആയിരം ഫ്രാങ്ക് നല്കി. പറഞ്ഞു:'എന്റെ അവസ്ഥ ഇത്രതരാൻ മാത്രം നല്ലതല്ല. പക്ഷേ, ഏത് ജമാഅത്തിലാണോ ഞാൻ ചേർന്നത് അതെന്തെങ്കിലും പറഞ്ഞാൽ അതിൽ പങ്കെടുക്കാതിരിക്കാൻ എനിക്കു നിർവാഹമില്ല.'

പിന്നീട് ഖിലാഫത്തിനോടുള്ള ബന്ധവും ഖുത്‌ബയുടെ സ്വാധീനവും ജനങ്ങളിൽ എങ്ങനെയാണ് ഉണ്ടാകുന്നത്? ത്യാഗത്തിലേക്ക് എങ്ങനെയാണ് അവരുടെ ശ്രദ്ധയുണ്ടാകുന്നത്. അതിന്റെ ഉദാഹരണം ദക്ഷിണാഫ്രിക്കൻ രാജ്യമായ ബുർക്കിനാ ഫാസോ (Burkina Faso)യിലെ ചില ചെറുപ്പക്കാരുടേതായിട്ടുണ്ട്. നോക്കുക, അവർ അഹ്മദിയായിട്ട് കൂടുതൽ കാലമായിട്ടില്ല. പക്ഷേ, അവരുടെ നിലവാരം എന്താണ്? അവിടത്തെ മുറബ്ബി അമീൻ ബല്ലൂജ് സാഹിബ് എഴുതുന്നു: '2016 ഡിസംബർ 30ന് കഴിഞ്ഞവർഷത്തെ അവസാനത്തെ ഖുത്‌ബയായിരുന്നു. പുതുവർഷം തുടങ്ങാൻ പോകുന്നതിനെ ഉദ്ധരിച്ചുകൊണ്ടുള്ള ഖുത്‌ബയാണ് ഞാൻ നൽകിയത്. അത് കേട്ടുകൊണ്ട് അവിടത്തെ 'ബെൻ

ഫൗറാ' റീജിയണിലെ പുതിയതായി അഹ്മദിയായ ചില ചെറുപ്പക്കാരും ചില പഴയ അഹ്മദികളും ഖുത്ബ കേട്ടുടൻ വീട്ടിൽപോവുകയും പുതുവർഷം ആഘോഷിക്കുന്നതിനുവേണ്ടി സ്വരുകൂട്ടിവെച്ചിരുന്ന തുക കൊണ്ടുവന്ന് വഖ്ഫെജദീദിൽ ചന്ദ നൽകുകയും ചെയ്തു. അവർ പറഞ്ഞു: 'കാലത്തിന്റെ ഖലീഫ ഞങ്ങൾക്ക് പുതുവർഷം എങ്ങനെ ആഘോഷിക്കണമെന്ന് പറഞ്ഞുതന്നിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഈ തുക ചന്ദയിൽ നൽകുകയാണ്. രാത്രിയിൽ തഹജ്ജുദ് നമസ്കരിച്ച് പുതുവർഷം കൊണ്ടാടുന്നതായിരിക്കും.' ഇപ്രകാരം ആ ദിവസം അവർ ഏകദേശം 75,000 ഫ്രാങ്ക് സീഫ ചന്ദ നൽകി.

പിന്നീട് പാശ്ചിമാഫ്രിക്കയിലെതന്നെ ഒരു രാജ്യമായ ഐവറികോസ്റ്റ്(Ivory coast)ലെ ഒരു ചെറിയ ഗ്രാമത്തിലെ പുതിയ അഹ്മദികളുടെ ത്യാഗം നോക്കുക. അവിടത്തെ 'ഭവാക്കെ' റീജിയന്റെ മുഅല്ലിം മമാമാദോ (Mamodou)സാഹിബ് എഴുതുന്നു. ഞങ്ങളുടെ റീജിയണിലെ ഒരു ഗ്രാമമായ നിയാവോഗോ(Niavogo)യിലെ ആളുകൾ ഈ വർഷം ജമാഅത്തിൽ പ്രവേശിച്ചവരാണ്. ഇപ്പോൾ ഒരുവർഷം കഴിഞ്ഞു. പറയുന്നു: 'വഖ്ഫെജദീദിൽ പങ്കെടുക്കേണ്ടതിന്റേയും ജൽസ സാലാനയിൽ പങ്കെടുക്കേണ്ടതിന്റേയും കാര്യം ഞാൻ ആ പുതുഅഹ്മദികളോടു പറഞ്ഞു. കാലത്തിന്റെ ഖലീഫ എല്ലാ അഹ്മദികളും വഖ്ഫെജദീദിലും തഹ്‌രീകെ ജദീദിലും പങ്കെടുക്കണമെന്ന് പറഞ്ഞിട്ടുള്ളതും അവരെ അറയിച്ചു. പറയുന്നു:'ഒരുപക്ഷേ കുറച്ചാളുകൾ കുറച്ച് ചന്ദ തന്നേക്കുമെന്നാണ് ഞാൻ വിചാരിച്ചത്. കാരണം അവിടെ ദാരിദ്ര്യം വളരെയധികമാണ്. പക്ഷേ, അതിന് ഘടകവിരുദ്ധമായിട്ടുള്ള ഫലമാണുണ്ടായത്. ആ ഗ്രാമത്തിലെ ഏകദേശം എല്ലാ അംഗങ്ങളും തങ്ങളുടെ ചന്ദ വഖ്ഫെജദീദ് നൽകി. എന്നല്ല, ഒരു സ്നേഹിതൻ ചന്ദ വഖ്ഫെജദീദ് നൽകിയെന്നു മാത്രമല്ല ആബിജാൻ എന്ന സ്ഥലത്തുനിന്നു 600 കിലോമീറ്റർ യാത്ര ചെയ്ത് ജൽസ സാലാനയിൽ പങ്കെടുക്കുകയും ചെയ്തു.

പിന്നീട് ത്യാഗത്തിന്റെ മറ്റൊരു ഉദാഹരണവും അല്ലാഹുവിന്റെ പെരുമാറ്റവും നോക്കുക. ടാൻസാനിയാ(Tanzania)യിൽനിന്ന് യൂസുഫ് ഉഥ്മാൻ സാഹിബ് മുബല്ലിഗ് എഴുതുന്നു: ഒരു അഹ്മദി സഹോദരൻ കാലിൽ വിഭിന്നശേഷിയുള്ളയാളാണ്. അതു കാരണത്താൽ അയാൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ടാൻസാനിയായിലെ എല്ലാ പ്രദേശത്തും ഇതുവരെ വൈദ്യുതി സംവിധാനമെത്തിയിട്ടില്ല. അതുകൊണ്ട് ചിലയാളുകൾ ചെറിയ ചെറിയ സോളാർ പാനൽ കൊണ്ടുവന്ന് തങ്ങളുടെ വീട്ടിൽ ഒന്നോ അരയോ ബൾബ് തെളിയിക്കാനുള്ള ഏർപ്പാട് ചെ യ്യുന്നു. നമ്മുടെ ഈ അഹ്മദി സഹോദരനും ചെറിയൊരു സോളാർ പാനൽ കൊണ്ടുവന്ന് ആളുകളുടെ മൊബൈൽ, ചാർജ് ചെയ്തുകൊടുത്ത് ജീവിക്കുന്നയാളാണ്. എന്തെങ്കിലും കുറച്ച് വരുമാനമുണ്ടായാൽ അതനുസരിച്ച് കൃത്യമായും ചന്ദയും നൽകും. ഒരു ദിവസം നമ്മുടെ മുഅല്ലിം അദ്ദേഹത്തോട് ചന്ദ നൽകാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'എനിക്ക് കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ 2000 ഷില്ലിംഗ് വരുമാനമുണ്ടായി. ഞാൻ അല്ലാഹുവിന്റെ വഴിയിൽ ഇത് നൽകുകയാണ്.' മുഅല്ലിം സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ ഈ എല്ലാ തുകയും ചന്ദയിൽ കൊടുക്കുകയാണെങ്കിൽ വീട്ടിൽ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതെങ്ങനെ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹു റസാഖാണ്. അവൻ ജീവിതവിഭവത്തിനുള്ള ഏർപ്പാട് സ്വയം ചെയ്യുന്നതാണ്.' മുഅല്ലിം സാഹിബ് പറയുന്നു: 'ഞാൻ ഇപ്പോൾ ആ റസീറ്റ് മുറിച്ചതേയുള്ളൂ ധാരാളമാളുകൾ അദ്ദേഹത്തിന്റെയടുക്കൽ മൊബൈൽ ചാർജ് ചെയ്യിക്കുന്നതിന് വന്നു. അദ്ദേഹത്തിന് ചന്ദ നൽകിയതിനേക്കാൾ കൂടുതൽ വരുമാനമുണ്ടായി. അപ്പോൾ ആ അഹ്മദി സഹോദരൻ മുഅല്ലിം സാഹിബിനോട് പറഞ്ഞു: 'താങ്കൾ കണ്ടില്ലേ! അല്ലാഹു ചന്ദ കൊടുത്തതിൽ എത്ര അനുഗ്രഹമാണ് നൽകിയത്. ഇപ്പോൾത്തന്നെ ഞാൻ നൽകിയതിനേക്കാൾ കൂടുതൽ തുക എനിക്ക് തിരിച്ചുതന്നു.'

എങ്ങനെയാണ് ത്യാഗത്തോടൊപ്പം അല്ലാഹു ത്യാഗം ചെയ്യുന്നവരെ കടാക്ഷിക്കുന്നതെന്നും അവരുടെ ഈമാനിൽ വർദ്ധനയുണ്ടാക്കുന്നതെന്നും നോക്കുക. അതിനുള്ള മറ്റൊരു ഉദാഹരണം ഇതാണ്. ടാൻസാനിയ റീജിയണിലെ ഷിയാംഗായുടെ ഒരു ജമാഅത്തിന്റെ ഒരു സ്നേഹിതന്റെ മകന് കഠിനമായ മലേറിയ പിടിപെട്ടു. അദ്ദേഹത്തിന്റെ പോക്കറ്റിൽ ചികിത്സയ്ക്കായി വെറും 1500 ഷില്ലിംഗായിരുന്നു ഉണ്ടായിരുന്നത്. സെക്രട്ടറി മാൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയി, ചന്ദ കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഉടനെ അദ്ദേഹം പോക്കറ്റിൽനിന്ന് ആ തുകയെടുത്ത് സെക്രട്ടറിമാലിന് കൊടുത്തു. ഈ സ്നേഹിതൻ പറയുന്നു: 'ആദ്യം ഞാൻ വിചാരിച്ചത് കുട്ടിയുടെ മരുന്നിനുള്ള പൈസ എവിടെനിന്ന് വരുമെന്നാണ്. പക്ഷേ, പിന്നീട് പറഞ്ഞു, അല്ലാഹുവിന്റെ വഴിയിലാണ് കൊടുത്തത്. അവൻതന്നെ എന്തെങ്കിലും ഏർപ്പാട് ചെയ്തുതരും.' അങ്ങനെ കുറച്ചുസമയം കഴിഞ്ഞ് മറ്റൊരു പട്ടണത്തിൽനിന്ന് അദ്ദേഹത്തിന്റെ മകൻ ഫോൺ ചെയ്യുകയും താൻ 80,000 ഷില്ലിംഗ് അയക്കുകയാണെന്ന് അറിയിക്കുകയും ചെയ്തു. ആ പൈസ ചന്ദ കൊടുത്ത അതേ ദിവസം തന്നെ അദ്ദേഹത്തിന് കിട്ടി. കുട്ടിയുടെ ചികിത്സയും നടന്നു. മറ്റു ജോലികളും പൂർത്തിയായി. അദ്ദേഹത്തിന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെട്ടു. പറയുന്നു: അല്ലാഹു അതിനേക്കാൾ പലയിരട്ടി വർധിപ്പിച്ച് നൽകുകയുണ്ടായി.' ഇപ്പോൾ ഈ സംഭവം മറ്റാളുകൾക്കും അവിടത്തെ തദ്ദേശ അഹ്മദികൾക്കും അദ്ദേഹം കേൾപ്പിക്കുകയും ചന്ദയുടെ പ്രാധാന്യം അവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്നു.

പശ്ചിമാഫ്രിക്കയിലെ ഒരു രാജ്യമാണ് മാലി (Mali). അവിടത്തെ ഒരു വ്യക്തിയുടെ ത്യാഗത്തിന്റെ സംഭവമാണിത്. അവിടത്തെ മുബല്ലിഗ് അഹ്മദ് ബിലാൽ സാഹിബ് എഴുതുന്നു: 'സിക്കാസോ' റീജിയണിലെ ഒരു സ്നേഹിതൻ 2013-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അഹ്മദിയ്യത്ത് സ്വീകരിക്കുന്ന സമയത്ത് വളരെയേറെ സാമ്പത്തികവിഷമത്തിലായിരുന്നു. കടക്കാരനായതിനുപുറമെ പലരീതിയിലുള്ള വിഷമങ്ങളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ റിട്ടയേർഡ് സമയവും അടുത്തുവരികയായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന് ചന്ദയുടെ അനുഗ്രഹങ്ങളെക്കുറിച്ച് അറിവുണ്ടായപ്പോൾ സ്വയംതന്നെ ചന്ദ കൃത്യമായി കൊടുക്കുമെന്ന് പ്രതിജ്ഞ ചെയ്തു. അതുപോലെ അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. പ്രതിസന്ധിഘട്ടമായിരുന്നിട്ടും തന്റെ കഴിവനുസരിച്ച് ചന്ദ കൊടുത്തുകൊണ്ടേയിരുന്നു. പറയുന്നു: ചന്ദയുടെ അനുഗ്രഹത്താൽ കൺകാൺകെ അല്ലാഹുവിന്റെ കൃപകൊണ്ട് എന്റെ എല്ലാ കടങ്ങളും തീർന്നു. വീട്ടുപ്രശ്നങ്ങളും അവസാനിച്ചു. സർക്കാരിൽനി ന്ന് എനിക്ക് ഉദ്യോഗ കയറ്റവും കിട്ടി. എന്റെ റിട്ടയർമെന്റും അവർ താമസിപ്പിച്ചു. ഇപ്പോൾ അദ്ദേഹം വസിയ്യത്ത് വ്യവസ്ഥിതിയിലും ചേർന്നിരിക്കുന്നു.

സിയറ ലിയോണിൽ(Sierra Leone) നിന്ന് മുബല്ലിഗ് മുനീർ ഹുസൈൻ സാഹിബ് എഴുതുന്നു: ബുആജിബു(Boajibu)യിലെ ഒരു ജമാഅത്തിലെ ഒരു അഹ്മദി സ്ത്രീ നാലായിരം ലിയോൺ വാഗ്ദാനം ചെയ്തിരുന്നു. അവർക്ക് വരുമാനത്തിന് പ്രത്യേക മാർഗമൊന്നുമുണ്ടായിരുന്നില്ല. ഒരു ചെറിയ പൂന്തോട്ടമുണ്ടായിരുന്നു. അതിൽ അവർ 'കസാവാ' നട്ടു. കസാവ എന്നത് അവിടത്തെ ഒരു സസ്യമാണ്. അതിന് നീണ്ടവേരുകളാണുള്ളത്. അതിന്റെ ഫലം തിന്നുന്നതാണ്. ഇത് വിറ്റാണ് അവർ ജീവിക്കുന്നത്. ചന്ദ അടക്കേണ്ട സമയം വന്നപ്പോൾ സെക്രട്ടറി സാഹിബ് ചന്ദ വസൂൽ ചെയ്യുന്നതിനുവേണ്ടി അവിടെപോയി. അപ്പോൾ ചന്ദ കൊടുക്കുന്നതിനുവേണ്ടി സ്വരുകൂട്ടി വെച്ചിരുന്ന തുക ഏതോ ഒരു കുട്ടി അവിടെന്നെടുത്ത് ചെലവഴിച്ചിരുന്നു. അവർ വല്ലാതെ വിഷമിച്ചു. ഇനി ഈമാന്റെ അവസ്ഥയും നോക്കുക. അവരുടെ ഒരു മകൻ മദ്യശാലയിൽ ജോലി നോക്കിയിരുന്നു. അവൻ നിർബന്ധിതനായിരുന്നു. ശരിയായ നിലയിൽ വിശ്വാസിയും ആയിട്ടുണ്ടാവില്ല. അവൻ പറഞ്ഞു,'ഞാൻ ഈ പൈസ നിങ്ങൾക്ക് കടമായി നൽകാം.' അപ്പോൾ ആ സ്ത്രീ അത് നിഷേധിച്ചു. ഇത് ഹലാൽ പൈസയല്ല. അതുകൊണ്ട് താൻ അത് ചന്ദ കൊടുക്കുകയില്ലെന്ന് പറഞ്ഞു. ഇതാണ് ഈമാന്റെ അഭിമാനം. പറയുന്നു:അതിനിടയിൽ ഒരു അജ്ഞാതനായ മനുഷ്യൻ വന്നു. അയാളെ ഇവർ അറിയുമായിരുന്നില്ല. അയാൾ പത്തായിരം ലിയോൺ അവർക്ക് നൽകി. അവർ നാലായിരം ലിയോൺ ചന്ദ കൊടുക്കേണ്ടതിനു പകരം പത്തായിരം ലിയോൺ ചന്ദ നൽകി. പറഞ്ഞു: 'ഇത് ചന്ദ കൊടുക്കാൻവേണ്ടി അല്ലാഹു എനിക്ക് അയച്ചുതന്നതാണ്.' അടുത്തവർഷത്തേക്ക് പത്തായിരം ലിയോൺ വാഗ്ദാനവും എഴുതിച്ചു.

സിയറ ലിയോണിൽ(Sierra Leone) നിന്നു തന്നെ മുബല്ലിഗ് അഖീൽ സാഹിബ് എഴുതുന്നു: 'ബോ' റീജിയണിലെ ഒരു പുതുഅഹ്മദി സഹോദരന്റെ ഭൂമിയ്ക്കുവേണ്ടിയുള്ള കേസ് ദീർഘകാലമായി നടന്നു വരികയായിരുന്നു. എതിർകക്ഷികൾ പിടിപാടുള്ളവരും കഴിവുള്ളവരുമായിരുന്നു. ബാഹ്യത്തിൽ നോക്കുമ്പോൾ കേസ് ജയിക്കുന്നതിനുള്ള ഒരു വഴിയും കണ്ടിരുന്നില്ല. ഇതിനിടയിൽ അദ്ദേഹം മസ്ജിദിൽ സാമ്പത്തികത്യാഗത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് കേട്ടു. അദ്ദേഹം പറയുന്നു: 'ഞാൻ സാമ്പത്തിക ത്യാഗത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് കേട്ടപ്പോൾ ചന്ദ നൽകാമെന്ന് വിചാരിച്ചു.' ഈ പുതിയ അഹ്മദി ക്രിസ്തുമതത്തിൽനിന്ന് വന്നയാളാണ്. ഈ ചന്ദയുടെ അനുഗ്രഹം കൊണ്ട് തന്റെ ഭൂമിയുടെ പ്രശ്നവും പരിഹരിക്കപ്പെട്ടേക്കാമെന്ന് അദ്ദേഹം വിചാരിച്ചു.അങ്ങനെ അദ്ദേഹം തന്റെ കഴിവനുസരിച്ച് ചന്ദ നൽകി. കുറച്ച് കഴിഞ്ഞപ്പോൾ കേസിന്റെ വിധി, അസംഭാവ്യമായ വിധി അദ്ദേഹത്തിന് അനുകൂലമായി വന്നു. ഈ സ്നേഹിതൻ പറയുന്നു: 'ഇതെല്ലാം സാമ്പത്തികത്യാഗത്തിന്റെ അനുഗ്രഹത്താലുണ്ടായതാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നത്.'

കോംഗോ കിൻഷാസ(Congo Kinshasa)യിലെ മുബല്ലിഗ് ശാഹിദ് സാഹിബ് എഴുതുന്നു: 'ചെറുകിട കച്ചവടം ചെയ്യുന്ന ഒരു സ്ത്രീയുണ്ട്. അവർ പറയുന്നു: 'വർഷാരംഭത്തിൽ രാജ്യത്തിലെ അവസ്ഥകാരണത്താൽ ഈ കച്ചവടത്തിൽ ലാഭമൊന്നുമുണ്ടാകുകയില്ലെന്ന് തോന്നിയിരുന്നു. പക്ഷേ, ഞാൻ വർഷാരംഭത്തിൽ വഖ്ഫെജദീദിന്റെ ചന്ദ കൊടുത്തു. അല്ലാഹുമായി ചെയ്യുന്ന കച്ചവടം നഷ്ടത്തിന്നിരയാകുക സാധ്യമല്ലെന്ന് വിചാരിക്കുകയും ചെയ്തു.' അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് കച്ചവടത്തിൽ ലാഭം കിട്ടി. രാജ്യത്തിലെ നിലവിലെ അവസ്ഥ മോശമായിരുന്നിട്ടും അവരുടെ കച്ചവടത്തിൽ ഒരു നഷ്ടവും വന്നില്ല.

അഹ്മദികളുടെ ത്യാഗങ്ങളുടെ സ്വാധീനം മറ്റുള്ളവരിൽ എത്രമാത്രം ഉണ്ടാകുന്നു. ഇതും തബ്‌ലീഗിനുള്ള വഴി തുറക്കുന്നു. ബംഗ്ലാദേശിലെ അമീർ സാഹിബ് പറയുന്നു: 'മൂന്നുപേരെ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, ഒരുപാട് തബ്‌ലീഗ് ചെയ്തിട്ടും ആരും ബയ്അത്ത് ചെയ്യാൻ താൽപര്യം കാണിച്ചില്ല. കഴിഞ്ഞ വെള്ളിയാഴ്ച ഇവർ മൂന്നുപേരും മസ്ജിദിൽ വന്നു. ജുമുഅ ഖുത്ബയ്ക്കിടയിൽ വഖ്ഫെജദീദിനെ കുറിച്ച് പറഞ്ഞു. ജുമുഅയ്ക്കുശേഷം ആളുകൾ ചന്ദ കൊടുക്കുന്നതിനുവേണ്ടി ലൈനായി നിന്നു. ആ മൂന്നുപേരും ഈ ദൃശ്യം കണ്ടപ്പോൾ പറഞ്ഞു:'നമ്മുടെ മൗലവിമാരുടെ തൊണ്ടയും നാവും രണ്ടും വരണ്ടുപോകാറുണ്ട്. എന്നാലും ആളുകൾ ചന്ദ കൊടുക്കാറില്ല. ഇവിടെ ഒരു ചെറിയ വിളംബരമേ ഉണ്ടായുള്ളൂ. ആളുകൾ ചന്ദ കൊടുക്കുന്നതിനുവേണ്ടി വരി വരിയായി നില്ക്കുന്നു. ഇതുതന്നെയാണ് യഥാർഥ ഇസ്‌ലാമിക റൂഹ്.' അങ്ങനെ ആ മൂന്നു സ്നേഹിതന്മാരും ആ ദൃശ്യം കണ്ടതിനുശേഷം ഉടനെ ബയ്അത്ത് ചെയ്തു. വഖ്ഫെ ജദീദിന്റെ വകയിൽ ചന്ദയും കൊടുത്തു.

ബനിൻ റീജിയണിലെ മുഅല്ലിം അബ്ദുല്ലാ സാഹിബ് എഴുതുന്നു: 'പുതുഅഹ്മദികളുടെ ജമാഅത്തായ പാപാസാ (Kpakpaza)യിൽ ചന്ദ വസൂൽ ചെയ്യുന്നതിന് പര്യടനം നടത്തി. അവിടെ ഉണ്ടായിരുന്ന ഒരു പുതുഅഹ്മദി ഹാജി അബൂബക്കർ സാഹിബ് ഈ ചന്ദ എവിടെ എങ്ങനെയാണ് ഉപയോഗിക്കപ്പെടുന്നതെന്ന് ചോദിച്ചു, അദ്ദേഹത്തിന് സാമ്പത്തികവ്യവസ്ഥിതിയുടെ ശരിയായ രീതി അറിയുമായിരുന്നില്ല. അഹ്മദിയ്യാ ജമാഅത്ത് ഈ ചന്ദകൾകൊണ്ട് മസ്ജിദുകൾ നിർമ്മിക്കുകയും വിശുദ്ധഖുർആന്റെ തർജമകളും മതഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു. ഈ ചന്ദകൊണ്ടുതന്നെയാണ് ഹോസ്പിറ്റലുകളും സ്കൂളുകളും യതീംഖാനകളും നടത്തുന്നതെന്നും പറഞ്ഞു. ചുരുക്കത്തിൽ ചന്ദ നൽകുന്ന തുകയുടെ ഓരോരോ പൈസയും കൃത്യമായി മതപരമായ കാര്യങ്ങൾക്കും അതിന്റെ വിജയത്തിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. അബൂബക്കർ സാഹിബ് ഇതുകേട്ടുടനെ പറഞ്ഞു, 'മൗലവി എന്നിൽനിന്ന് സക്കാത്ത് വാങ്ങാനും ദാനധർമങ്ങൾ വാങ്ങാനുമായിട്ടാണ് വന്നിരുന്നത്. എന്നാൽ, അവർ ഒരിക്കലുംതന്നെ ഈ പൈസ എവിടെ ചെലവഴിക്കപ്പെടുന്നുവെന്ന് പറയാറുണ്ടായിരുന്നില്ല.' അങ്ങനെ അതിനുശേഷം അദ്ദേഹം ഉടനെ ചന്ദ നൽകി. അദ്ദേഹം പറഞ്ഞു, 'ഭാവിയിൽ ജമാഅത്തിന്റെ എല്ലാ ചന്ദകളിലും ഞാൻ അത്യുത്സാഹത്തോടെ പങ്കെടുക്കുന്നതാണ്.'

ചുരുക്കത്തിൽ ഈ കാലഘട്ടത്തിലും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് ത്യാഗങ്ങളിൽ വളർന്നുകൊണ്ടിരിക്കുന്ന ജനങ്ങളെ നൽകിയിട്ടുള്ളത് നമ്മൾ കാണുന്നു. പുതിയ അഹ്മദികളാണ്. അവരുടെ ഉള്ളിൽ അല്ലാഹുവിന്റെ ദീനിനുവേണ്ടി ത്യാഗം ചെയ്യുന്നതിനുള്ള ഒരു തിളപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. നല്ല അവസ്ഥകളിലായിരുന്നിട്ടും അല്ലാഹു ഐശ്വര്യം നൽകിയിട്ടും സമ്പന്നരാഷ്ട്രങ്ങളിൽ വസിച്ചിട്ടും നിസ്സാരമായ ചന്ദ കൊടുക്കുന്നവർക്ക് ചിന്തിക്കാനും ആലോചിക്കാനുമുള്ള അവസരവുമാണ്. എന്തായാലും അസാധാരണായ ത്യാഗം ചെയ്യുന്നവർ ഇവിടേയുമുണ്ട്. പക്ഷേ, ലോകത്ത് എല്ലാ സ്ഥലത്തും ധാരാളം സമ്പന്നരുണ്ട്. അവർ ഇതിലേക്ക് വളരെ കുറച്ചുമാത്രം ശ്രദ്ധിക്കുന്നവരാണ്. ഇക്കാര്യത്തിലേക്ക് അവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

‘ജനുവരിയിലെ ആദ്യ ജുമുഅയിൽ വഖ്ഫെ ജദീദിന്റെ പുതുവർഷത്തിന്റെ വിളംബരം ചെയ്യുന്ന രീതിയാണുള്ളത്. അതുകൊണ്ട് ഒരുപാട് സംഭവങ്ങളിൽനിന്നെടുത്ത് ഈ ചില സംഭവങ്ങൾ പറഞ്ഞതിനുശേഷം ഞാൻ വഖ്ഫെ ജദീദിന്റെ 60-ാം വർഷം തുടങ്ങുന്നതിന്റെ വിളംബരം ചെയ്യുകയാണ്. കഴിഞ്ഞ വർഷത്തെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചും പറയുന്നതാണ്;വസൂലികൾ എന്തായിരുന്നുവെന്നും.

വഖ്ഫ് ജദീദിന്റെ വർഷം ഡിസംബർ 31 ന് അവസാനിക്കുന്നു. 2016 ഡിസംബർ 31 ന് 59-ാം വർഷം അവസാനിച്ചു. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ജമാഅത്തുകൾ ഇതുവരെ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൺപതു ലക്ഷത്തി ഇരുപതിനായിരം പൗണ്ടിന്റെ ത്യാഗം സമർപിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ പതിനൊന്ന് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം പൗണ്ട് അധികമാണിത്. ഈ വർഷവും പാക്കിസ്താൻ ലോകജമാഅത്തുകളിൽ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്താണുള്ളത്.

തദ്ദേശ കറൻസിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വ്യക്തമായ വർധന ഉണ്ടാക്കിയ രാജ്യങ്ങളിൽ ഘാന ഒന്നാം സ്ഥനത്താണ്. പിന്നീട് പശ്ചിമാഫ്രിക്കൻ രാജ്യമായ ഘാന. അതു കഴിഞ്ഞ് ജർമനി, പിന്നീട് പാക്കിസ്താൻ. പിന്നീട് കനഡ.

ആഫ്രിക്കൻ രാജ്യങ്ങളിൽ എടുത്തപറയത്തക്ക ത്യാഗം ചെയ്തത് മാലി (Mali)യാണ്. ബുർക്കിനാ ഫാസോ (Burkina Faso), ലൈബീരിയ(Liberia), സൗത്ത് ആഫ്രിക്ക, സിയറ ലിയോൺ (Sierra Leone), ബെനിൻ (Benin).

പാക്കിസ്താനു പുറമെ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ വിദേശ രാജ്യങ്ങളിലെ ആദ്യ സ്ഥാനത്ത് നില്ക്കുന്ന പത്തു ജമാഅത്തുകൾ ഇവയാണ്. ഒന്നാം സ്ഥാനം യു.കെ(U.K), രണ്ട് ജർമനി (Germany), മൂന്ന് അമേരിക്ക(America), നാല് കനഡ (Canada), അഞ്ച് ഇന്ത്യ(India), ആറ് ഓസ്ത്രേലിയ (Australia), ഏഴ് മിഡിൽ ഈസ്റ്റിലെ ജമാഅത്ത്, എട്ട് ഇന്തൊനീഷ്യ(Indonesia) , ഒമ്പത് മിഡിൽ ഈസ്റ്റിലെ ജമാഅത്ത്, പത്ത് ഘാന(Ghana), ഇതിനുശേഷം ബെൽജിയ(Belgium)മും സ്വി റ്റ്സർലൻഡ്(Switzerland) മാണ്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം അമേരിക്ക(America), രണ്ട് സ്വിറ്റ്സർലൻഡ് (Switzerland), മുന്ന് ഫിൻലൻഡ്(Finland) നാല് ഓസ്ത്രേലിയ(Australia), അഞ്ച് സിംഗപ്പൂർ (Singapore), ആറ് ഫ്രാൻസ്(France), ഏഴ് ജർമനി(Germany), എട്ട് ട്രെനിഡാഡ്(Trinidad) ഒമ്പത് ബെൽജിയം (Belgium) പത്ത് കനഡ (Canada). യു.കെ(U.K) ഒന്നാം സ്ഥാനത്ത് വന്നിട്ടും ആളോഹരി അടവിൽ പിന്നിലാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വഖ്ഫെ ജദീദിൽ പതിമൂന്നുലക്ഷത്തി നാല്പതിനായിരം ചന്ദകൊടുക്കുന്നവർ പങ്കെടുത്തു. ഇത് കഴിഞ്ഞ വർഷത്തെക്കാൾ ഒരു ലക്ഷത്തി അയ്യായിരം അധികമാണ്. അംഗസംഖ്യാ വർധനവിന്റെ അടിസ്ഥാനത്തിൽ കനഡ, ഇന്ത്യ, യു.കെ.ക്കുപുറമെ ആഫ്രിക്കയിൽ ഗിനികൊണാക്രി(Guinea Con akry), കാമറൂൺ(Cameroon), ഗാംബിയാ(Gambia), സെനഗൽ (Senegal), ബെനിൻ (Benin), നൈജീരിയ(Nigeria), കോംഗോ കിൻഷാസ(Congo Kinshasa), ബുർക്കിനാ ഫാസോ (Burkina Faso), ടാൻസനിയാ(Tanzania) തുടങ്ങിയ രാജ്യങ്ങൾ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയുണ്ടായി.

നൈജീരിയ ഈ വർഷം പൂർണമായും ശ്രദ്ധിച്ചിട്ടില്ല. കാരണം അവരുടെ അംഗസംഖ്യ നോക്കുമ്പോൾ ധാരാളമാളുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. കഴിഞ്ഞവർഷത്തെ കണക്കനുസരിച്ച് നൈജീരിയായുടേയും ഒന്നു രണ്ടു മറ്റു രാജ്യങ്ങളുടേയും എണ്ണമുണ്ടായിരുന്നെങ്കിൽ എന്നല്ല നൈജീരിയായുടെ മാത്രം എണ്ണമുണ്ടായിരുന്നെങ്കിൽ ഈ 1340000 നുപകരം 1400000 അംഗസഖ്യ ആകുമായിരുന്നു. ഇതിന്റെ ഉദ്ദേശ്യം അവിടെ വളരെയധികം അലസത കാണിക്കപ്പെട്ടു എന്നാണ്. അല്ലങ്കിൽ റിപ്പോർട്ട് ശരിയായ നിലയിൽ തയ്യാറാക്കിയിട്ടില്ല. അല്ലെങ്കിൽ റിപ്പോർട്ടു എടുത്തിട്ടു തന്നെയില്ല. അല്ലെങ്കിൽ ശരിയായ നി ലയിൽ അവർക്ക് കാര്യ പറഞ്ഞു കൊടുത്തിട്ടില്ല. പൊതുവെ സെക്രട്ടറിമാരാണ് അലസത കാണിക്കുന്നത്. ജമാഅത്തംഗങ്ങളുടെ ആത്മാർഥതയുടെ ബന്ധം നോക്കുമ്പോൾ ആഫ്രിക്കയോ അല്ലെങ്കിൽ മറ്റേതു രാജ്യമാണെങ്കിലും കുറവുവരാൻ പാടില്ലാത്തതാണ്. റബ്വയിൽനിന്ന് ഒരാൾ എനിക്കെഴുതി. മഹല്ലിലെ സ്വദ്ർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് വഖ്ഫെ ജദീദിന്റെ നിങ്ങളുടെ വാഗ്ദാനമില്ലെന്നും ചന്ദകൊടുത്തിട്ടില്ലെന്നും പറഞ്ഞു. ഇതെങ്ങനെ സംഭവിക്കാനാണെന്ന് അദ്ദേഹം സ്വദ്റിനോടു ചോദിച്ചു. എന്നല്ല താൻ കൃത്യമായി ചന്ദ കൊടുത്തുകൊണ്ടിരിക്കുന്ന ആളാണെന്നും പറഞ്ഞു. ഈ വർഷം നമ്മുടെ വഖ്ഫെജദീദ് സെക്രട്ടറി വലിയ മടിയനായിരുന്നുവെന്നും ആരിൽനിന്നും വാഗ്ദാനംതന്നെ എടുത്തിട്ടില്ലെന്നും അങ്ങനെ സംഭവിച്ചതാണെന്നും സ്വദ്ർ പറഞ്ഞു. ശരിയായ നിലയിൽ വസൂലിയും നടന്നിട്ടില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് സെക്രട്ടറിമാരുടെ അലസത കാരണത്താൽ ചിലപ്പോൾ ആളുകൾ നന്മയിൽനിന്ന് തടയപ്പെടുന്നുവെന്നാണ്. ഈ അവസ്ഥ നൈജീരിയായിലും ഉണ്ടായിരിക്കാമെന്നാണ് ഞാൻ കരുതുന്നത്. ഇതിനുപുറമെ അമേരിക്കയിലും ആളുകൾ കുറവുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ അവിടെ അംഗങ്ങൾ കുറവാകുന്ന പ്രശ്നമെയില്ല. നൈജീരിയായിലും കുറയുന്ന പ്രശ്നമെയില്ല. കാരണം അംഗസംഖ്യ വർധിക്കുകയാണ് വേണ്ടിയിരുന്നത്. പക്ഷേ, അമേരിക്ക ഞാൻ പറഞ്ഞതുപോലെ ആളോഹരി ത്യാഗത്തിന്റെ നി ലവാരം ഉയർത്തിയിട്ടുണ്ട്. മാശാഅല്ലാഹ്. വളരെയധികം വർധിപ്പിച്ചിട്ടുണ്ട്. ഒന്നാം സ്ഥാനത്താണുള്ളത്. അതുകൊണ്ട് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അംഗസംഖ്യയിൽ കുറവുവന്നിട്ടുള്ള എല്ലാ രാജ്യങ്ങളും തങ്ങളുടെ ബലഹീനത വിലയിരുത്തേണ്ടതാണ്. ജനങ്ങളിൽ ബലഹീനതയൊന്നുമില്ല, പ്രവർത്തകരിലാണ് ബലഹീനതയുള്ളത്.

ചന്ദ ബാലിഗാനും (പ്രായപൂർത്തിയായവർ) വഖ്ഫെ ജദീദിന്റെ ഒരു വകുപ്പാണ്. ഇതിൽ പാക്കിസ്താനിലെ ജമാഅത്തുകളിൽ ഒന്നാം സ്ഥാനം ലാഹോറിനാണ്. പിന്നീട് റബ്വ. പിന്നീട് കറാച്ചി. ഇതിനു പുറമെ ജില്ലകളിൽ ഇസ്‌ലാമാബാദ്, പിന്നീട് ഗോജറൻവാല, പിന്നീട് ഗുജ്റാത്ത്, പിന്നെ മുൾത്താൻ ഉമർക്കോട്ട്, ഹൈദ്രാബാദ്, പിശാവർ, മീർപൂർഖാസ്, ഒക്കാഡ, ഡേറഗാസിഖാൻ.

അത്ഫാൽ അതായത് കുട്ടികളുടെ ത്യാഗങ്ങളിലും ലാഹോറാണ് ഒന്നാം സ്ഥനത്ത്. പിന്നീട് റബ്വ. പിന്നീട് കറാച്ചി. അതിനുശേഷം സിയാൽക്കോട്ട്, റാവൽപിണ്ടി, പിന്നീട് ഗോജറൻവാല, പിന്നീട് ഗുജ്റാത്ത്, ഹൈദ്രാബാദ്, ഡേറഗാസിഖാൻ, കോട്ട്‌ലി, ആസാദ് കശ്മീർ, മീർപൂർഖാസ്, മുൾത്താൻ, ബഹാവ് ലങ്കർ.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടണിലെ 10 വലിയ ജമാഅത്തുകൾ. വോസ്റ്റർപാർക്ക്, മസ്ജിദ് ഫള്ൽ, ബ്രഫിംഗ്ഹം സൗത്ത്, പട്ട്നി, രേൺസ് പാർക്ക്, ബ്രഡ്ഫോർഡ് നോർത്ത്, ന്യൂമോൾഡൻ, ഗ്ലാസ്ഗോ, ബ്രഫിംഗ്ഹം വെസ്റ്റ്, പിന്നീട് ജലിംഗം.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ റീജ്യണിൽ ലണ്ടൻ ബി ഒന്നാം സ്ഥനം. പിന്നീട് ലണ്ടൻ ഏ, പിന്നീട് മിഡ്‌ലാന്റ്സ്, പിന്നീട് നോർത്ത് ഈസ്റ്റ് പിന്നീട് സൗത്ത്.

വസൂലിയുടെ അടിസ്ഥാനത്തിൽ ജർമനിയിലെ അഞ്ചു ലോക്കൽ ഇമാറത്തുകൾ ഇവയാണ്. ഹംബർഗ് ഒന്നാം സ്ഥാനം. പിന്നീട് ഫ്രാങ്ക്ഫോർട്ട്. പിന്നീട് വേസ്ബാൻ, പിന്നീട് മോർഫിൽഡൻ വാൾഡോർഫ്, ഡറ്റ്സൺ ബാഖ്.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ അവരുടെ പത്തു ജമാഅത്തുകൾ ഇവയാണ്. റോയിഡർ മാർക്ക്, നൂയിസ്, ഫ്രേഡ്ബർഗ്, നീഡാ, ഫ്ളോറ സ് ഹൈം, ഹാനാവ്, കോലോൺ, കോബ്ലൻസ്, ലാങ്കൺ, മഹ്ദിയാബാദ്.

അമേരിക്കയിലെ ആദ്യത്തെ 10 ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് സെലിക്കോൺവാലി, പിന്നീട് സിയാറ്റൽ, ഡേട്രായിറ്റ്, സ്ലോർസ്പ്രിംഗ്, സെന്ററൽ വെർജീനിയ, ലോസ് ഏഞ്ചല്സ് ഈസ്റ്റ്, പിന്നീട് ഡൽസ്, പിന്നീട് ബോസ്റ്റൺ, പിന്നീട് ഫലാഡൽഫിയ, പിന്നീട് ലാവറൽ.

വസൂലിയുടെ അടിസ്ഥാനത്തിൽ കനഡയിലെ ഇമാറത്തുകൾ: കേൽഗരി ഒന്നാം സ്ഥാനം. പിന്നീട് പീസ് വില്ലേജ്, പിന്നീട് വാൺ, പിന്നീട് വേങ്കോർ, പിന്നീട് മസ്സീ സാഗാ.

വസൂലിയുടെ അടിസ്ഥാനത്തിൽ 10 വലിയ ജമാഅത്തുകൾ: ഡർഹം ഒന്നാംസ്ഥാനത്ത്, മൽട്ടൺ ഈസ്റ്റ്, പിന്നീട് ബേരി, പിന്നീട് റെജായിനാ.

ദഫ്ത്തറെ അത്ഫാലിൽ അവരുടെ 5 വ്യക്തമായ സ്ഥാനങ്ങൾ:ഡർഹം നമ്പർ ഒന്നാം സ്ഥാനം. പിന്നീട് ബ്രേഡ് ഫോർഡ്, സസ്കാടോൺ സൗത്ത്, സസ്കാടോൺ നോർത്ത്, പിന്നീട് ലായിഡ് മിനിസ്റ്റർ.

അവരുടെ റീജ്യണുകൾ: കൽഗരി ഒന്നാം സ്ഥാനം. പിന്നീട് പീസ് വില്ലേജ്, പിന്നീട് ബ്രാംഫട്ടൺ, പി ന്നീട് വാൺ, വേസ്റ്റൺ.

ഇന്ത്യയിലെ പത്ത് സംസ്ഥാനങ്ങൾ ഇപ്രകാരമാണ്. ഒന്ന് കേരളം, രണ്ട് ജമ്മു കശ്മീർ, മൂന്ന് തമിഴ് നാട്, നാല് കർണാടക, അഞ്ച് തെലുങ്കാന, ആറ് ഒഡീഷ, ഏഴ് വെസ്റ്റ് ബംഗാൾ, എട്ട് പഞ്ചാബ്, ഒമ്പത് ഉത്തർപ്രദേശ്, പത്ത് ഡൽഹി, പതിനൊന്ന് മഹാരാഷ്ട്ര

ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ ഇപ്രകാരമാണ്. കരുളായ്, കാലിക്കറ്റ്, ഹൈദ്രബാദ്, പത്തപ്പിരിയം, ഖാദിയാൻ, കണ്ണൂർ ടൗൺ, കൊൽക്കത്ത, ബാ ംഗ്ലൂർ, സോലൂർ, പഴയങ്ങാടി.

അല്ലാഹു ഈ എല്ലാ ത്യാഗങ്ങൾ ചെയ്യുന്നവരുടേയും സമ്പത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഭാവിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പ്രവർത്തനനിരതരാക്കുകയും തങ്ങളുടെ ജോലി ശരിയായനിലയിൽ നിർവഹിക്കാനും പോരായ്മകൾ അകറ്റാൻ ശ്രമിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. പ്രത്യേകിച്ചും അംഗസംഖ്യയിൽ കൂടുതൽ വർധന ഉണ്ടാകേണ്ടതാണ്. കുറച്ചു തുകയാണെങ്കിലും എല്ലാവരേയും പങ്കെടുപ്പിക്കേണ്ടതും നിർബന്ധമാണ്.

നമസ്കാരങ്ങൾക്കുശേഷം ഞാൻ രണ്ട് ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ സാഹിബ് സാദാ മിർസാ ഖലീൽ അഹ്മദ് സാഹിബിന്റെ ഭാര്യ അസ്മ താഹിറ സാഹിബയുടേതാണ്. 2016 ഡിസംബർ 23 ന് 79-ാമത്തെ വയസ്സിൽ കാനഡയിൽ അവർ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1935 ജൂണിൽ ബാഗൽപൂരിലാണ് അവർ ജനിച്ചത്. അവരുടെ പിതാവിന്റെ പേര് മൗലവി അബ്ദുൽ ബാഖി എന്നായിരുന്നു. മാതാവ് സഫിയാ ഖാത്തൂൻ. അവരുടെ പി താവ് ദീർഘകാലം കുന്ദ്രിജമാഅത്തിന്റെ ഫാക്ടറിയിൽ ജോലി ചെയ്തുകൊണ്ടിരുന്നു. ദീർഘകാലം കുന്ദ്രി ജമാഅത്തിന്റെ പ്രസിഡണ്ടുമായിരുന്നു.

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് അലി അഹ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദിന് ബയ്അത്ത് ചെയ്തിരുന്നു. സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ബയ്അത്ത് സംഭവം അമത്തുന്നൂർ സാഹിബ വിവരിക്കുന്നു: അദ്ദേഹം ഖാദിയാനിൽ വന്നപ്പോൾ ഒമ്പതാം ക്ലാസിൽ പഠിക്കുകയായിരുന്നുവെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്. ഖാദിയാനിലേക്ക് പോകുംവഴി അമൃത്സർ റെയിൽവേസ്റ്റേഷനിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അദ്ദേഹത്തെ തടയാൻ ശ്രമിച്ചു. അപ്പോൾ അദ്ദേഹം മൗലവി സാഹിബിനോടു പറഞ്ഞു, ‘എന്റെ മാതാവ് സൂര്യചന്ദ്രഗ്രഹണങ്ങളുടെ അടയാളം വെളിപ്പെട്ടതിനെ തുടർന്ന് എന്നെ ഖാദിയാനിലേക്ക് അയച്ചതാണ്. താങ്കളുടെ ഈ പണി മുഖേന എനിക്ക് മിർസാ സാഹിബിന്റെ സത്യം വെളിപ്പെട്ടിരിക്കുന്നു. താങ്കളെ പോലുള്ള ഇത്ര വലിയ മൗലവി എന്തിനാണ് കള്ള പ്രവാചകനെന്ന് വാദിക്കുന്ന ഒരാളുടെ പിന്നാലെകൂടി സമയം പാഴാക്കുന്നത്. താങ്കളുടെ ഈ ചുറ്റിക്കറങ്ങൽ സമയം പാഴാക്കലാണ്. ഹദ്റത്ത് മിർസാ സാഹിബ് സത്യവാനാണെന്ന് ഞാൻ പറയുന്നു.’ 1964 ജനുവരി 6ന് അസ്മാ സാഹിബയുടെ വിവാഹം മിർസാ ഖലീൽ അഹ്മദ് സാഹിബുമായി നടന്നു. മിർസാ ഖലീൽ അഹ്മദ് സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മകനും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ദൗഹിത്രനുമായിരുന്നു. ഹദ്റത്ത് സാഹിബ് സാദി അമത്തുൽഹയ്യ് സാഹിബയുടെ വയറ്റിലാണ് അദ്ദേഹം പിറന്നത്. അസ്മാ താഹിറ സാഹിബക്ക് ലജ്ന ഇമായില്ലാഹ് മർക്കസിയ്യ ജനറൽ സെക്രട്ടറി എന്ന നിലയിലും പിന്നീട് ലജ്ന മർക്കസിയ്യ സെക്രട്ടറി ഇിയാഫത്ത് എന്ന നിലയിലും ആഗോള തബ്ലീഗ് മൻസൂബ കമ്മിറ്റി മെമ്പർ എന്ന നിലയിലും പിന്നീട് തദ്ദേശ ലജ്ന മജ്‌ലിസിലും പ്രവർത്തിക്കാനും തൗഫീഖ് കിട്ടി.

അസ്മ താഹിറ സാഹിബയുടെ പിതാവ് 1975ൽ വഫാത്തായി. അതിനുശേഷം അവരുടെ മാതാവ് അവരുടെ കൂടെയാണ് താമസിച്ചത്. അസ്മ താഹിറ സാഹിബ എന്റെ അമ്മാവന്റെ ഭാര്യയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എനിക്കും അവരെക്കുറിച്ച് എന്തായാലും അറിയാം. അതായത് ശ്വശുരഗൃഹത്തിലും തന്റെ നാത്തൂൻമാരോടും ബന്ധുക്കളോടും പ്രിയപ്പെട്ടവരോടും അവർക്ക് വളരെ അനുരക്തിയുടേയും സ്നേഹത്തിന്റേയും ബന്ധമായിരുന്നു. രോഗത്തിന്റെ ദിനങ്ങളിലും കണ്ടിട്ടാണ് വന്നത്. ഇപ്പോൾ കാനഡയിലുണ്ടായിരുന്നു. അവരുടെ രോഗാവസ്ഥ എങ്ങനെയായിരുന്നുവെന്നാൽ ഞാൻ പോകുകയും കാണുകയും ചെയ്തപ്പോൾ അനങ്ങാൻപോലും കഴിഞ്ഞിരുന്നില്ല. പക്ഷേ, ആ സമയത്തും അവരുടെ വിനയത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, അവർ പറഞ്ഞു, ‘എന്റെ വസ്ത്രം എടുത്തുവെക്കുക. പോയി കാണാൻ ഒരുങ്ങുക. ഒരുപക്ഷേ, എന്നെ മുലാക്കാത്തിനായി വിളിക്കുമെന്നായിരുന്നു.’ എനിക്ക് സന്ദേശം അയക്കുന്നതിനുപകരം മുലാക്കാത്തിനുള്ള ഒരുക്കത്തിലായിരുന്നു. ഞാൻ അവരെ അവിടെ വിളിക്കുമെന്നാണ് വിചാരിച്ചിരുന്ന

ത്. എന്തായാലും ഞാൻ കണ്ടിട്ടാണ് വന്നത്. ഇതിൽ വളരെ സന്തോഷിച്ചു.

അവർക്ക് മക്കളൊന്നുമുണ്ടായിരുന്നില്ല. അവരുടെ സഹോദരിക്ക് ഒരു മകളുണ്ടായിരുന്നു. ആ കുട്ടിയെ വളർത്തിയത് ഇവരാണ്. അഞ്ചാം വയസ്സിലാണ് ഈ കുട്ടി അവരുടെ അടുത്ത് എത്തിയത്. അവർ പറയുന്നു: തികച്ചും സ്വന്തം കുട്ടിയെപോലെ അവർ എന്നെ വളർത്തി. വിവാഹനേരത്തും എന്റെ എല്ലാ വിവാഹാവശ്യങ്ങളും നിറവേറ്റിത്തന്നു. തർബിയ്യത്തിൽ ഒരു കുറവും വരുത്തിയില്ല. എനിക്ക് വിഷമമുണ്ടാകുമ്പോൾ ദുആ ചെയ്യാൻ പറയുമായിരുന്നു, 'ദുആ ചെയ്യുക. ഇൻശാഅല്ലാഹ് എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്.' ദുആയിൽ വളരെ വിശ്വാസമായിരുന്നു. കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്നു. അവരുടെ തർബിയ്യത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കുട്ടികളെ മസ്ജിദിൽ കൊണ്ടുപോകാൻ പറയാറുണ്ടായിരുന്നു. കാരണം മസ്ജിദുമായി അവരെ ബന്ധപ്പെടുത്തുകയാണെങ്കിൽ കുട്ടികൾ തലതിരിഞ്ഞുപോകുകയില്ല. നഷ്ടപ്പെട്ടുപോകുകയില്ല. ജമാഅത്തുമായി ബന്ധ പ്പെട്ടിരിക്കാൻ എപ്പോഴും ഉപദേശിച്ചിരുന്നു. ഈ പെൺകുട്ടി പറയുന്നു: എന്നോട് വസിയത്ത് ചെയ്യാനും എപ്പോഴും ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കാനും ഉപദേശിച്ചുകൊണ്ടിരുന്നു. തൊഴിലാളികളോടും വളരെയധികം മൃദുഭാവത്തോടെ പെരുമാറി. വീട്ടിൽ അവർക്ക് പരിചാരികയുണ്ടായിരുന്നു. അവരെക്കുറിച്ച് താൻ എടുത്തുവളർത്തിയ മകളോട് പറഞ്ഞു, 'എനിക്കുശേഷം നീ അവരെ നോക്കണം. അവർക്ക് നൽകിയിരിക്കുന്ന ക്വാർട്ടറിൽനിന്ന് ഒരിക്കലും അ വരെ പുറത്താക്കരുത്.' അല്ലാഹുതആല അവരോട് മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ.

രണ്ടാമത്തെ ജനാസ ചൗദ്‌രി ഹമീദ് നസ്റുല്ലാഖാൻ സാഹിബിന്റേതാണ്. 2017 ജനുവരി 4ന് ലാഹോറിൽ 83-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ചൗദ്‌രി ഹമീദ് നസ്റുല്ലാഖാൻ സാഹിബിന്റെ പിതാമഹൻ ഹദ്റത്ത് ചൗദ്‌രി നസ്റുല്ലാഖാൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ മാതാമഹൻ ഹദ്റത്ത് ചൗദ്‌രി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ ആയിരുന്നു. ഇദ്ദേഹവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ചൗദ്‌രി മുഹമ്മദ് അബ്ദുല്ലാഖാൻ സാഹിബ് ദീർഘകാലംവരെ കറാച്ചി ജമാഅത്തിന്റെ അമീറായിരുന്നു. ചൗദ്‌രി സഫ്റുല്ലാഖാൻ സാഹിബ് ഇദ്ദേഹത്തിന്റെ പിതാമഹനായിരുന്നു. ഭാര്യാപിതാവുമായിരുന്നു. 1964ൽ ഹമീദ് നസ്റുല്ലാഖാൻ സാഹിബിന്റെ വിവാഹം ചൗദ്‌രി സഫ്റുല്ലാഖാൻ സാഹിബിന്റെ മകൾ അമത്തുൽഹയ്യുമായി നടന്നു. അവരുടെ മക്കളാണ് മുസ്തഫ നസ്റുല്ലാഖാനും ഇബ്രാഹിം നസ്റുല്ലാഖാനും. ഇദ്ദേഹം 16-ാമത്തെ വയസ്സിൽ വഫാത്തായിരുന്നു. ആയിശ നസ്റുല്ലാഹ് ഒരു മകളാണ്. ചൗദ്‌രി സഫ്റുല്ലാഖാൻ സാഹിബിന്റെ മകളുമായി ചൗദ്‌രി ഹമീദ് നസ്റുല്ലാഖാൻ സാഹിബിന്റെ വിവാഹം നടന്നിരുന്നു. അതിനു മുമ്പേ ഡോക്ടർ ഇഅ്ജാസുൽ ഹഖ് സാഹിബുമായി അവരുടെ വിവാഹം നടന്നതാണ്. അതിൽ രണ്ട് ആൺമക്കളുണ്ട്. മുഹമ്മദ് ഫള്‌ലുൽ ഹഖും അഹ്മദ് നസ്റുല്ലായും. 1994ൽ അഹ്മദ് നസ്റുല്ലാ ശഹീദാക്കപ്പെട്ടു. ആ സമയത്ത് അദ്ദേഹത്തിന് രണ്ട് ആൺ മക്കളും ഒരു മകളുമുണ്ടായിരുന്നു. ഭാര്യയുടെ ആദ്യ ഭർത്താവിലുള്ള മക്കളായിരുന്നു. അവരേയും വളരെ സ്നേഹത്തോടും സന്തോഷത്തോടും കൂടി സ്വന്തം മക്കളെപോലെ പോറ്റിവളർത്തി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) അദ്ദേഹത്തെ 1975-ൽ അഹ്മദിയ്യാ ജമാഅത്ത് ലാഹോറിന്റെ അമീറായി നിശ്ചയിച്ചു. 34 വർഷംവരെ അദ്ദേഹം അഹ്മദിയ്യാ ജമാഅത്ത് ലാഹോറിന്റെ ഇമാറത്തു സ്ഥാനം വഹിച്ചു. 2009 മുതൽ അദ്ദേഹത്തിന്റെ ആരോഗ്യം ശരിയായ നിലയിൽ ആയിരുന്നില്ല. പിന്നീട് സ്വന്തം പരിശോധിച്ചു നോക്കാനും എന്നിട്ട് പറയാനും ഞാൻ പറഞ്ഞതുകൊണ്ട് അദ്ദേഹം താൻ ജോലിയിൽനിന്ന് വിരമിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറയുകയും ചെയ്തു. കാരണം അദ്ദേഹത്തിന്റെ ആരോഗ്യം ജോലി ചെയ്യാൻ അനുവദിച്ചിരുന്നില്ല. ഇമാറത്തിന്റെ ജോലി വളരെ വിശാലമാണല്ലോ.

അതിനുശേഷം പുതിയ അമീറായി ശേയ്ഖ് മുനീർ സാഹിബ് നിശ്ചയിക്കപ്പെട്ടു. 2010ൽ അദ്ദേഹം ശഹീദാക്കപ്പെട്ടു. 2008 വരെ അല്ല 2009 വരെ ഇദ്ദേഹം അമീറായിരുന്നുവെന്നാണ് തോന്നുന്നത്. 1974ലെ എതിർപ്പിന്റെ അവസ്ഥയിലും അദ്ദേഹം ഔദ്യോഗികമായി അമീറല്ലായിരുന്നുവെങ്കിലും ഒരുപാട് ഉത്തരവാദിത്വങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് അദ്ദേഹത്തെ ഏൽപിച്ചിരുന്നു. അത് അദ്ദേഹം വളരെ നല്ലവണ്ണം നിറവേറ്റി. ഹൈക്കോടതിയിൽ 74-ൽ ജസ്റ്റിസ് സമദാനി എൻക്വയറി കമ്മീഷൻ നിലവിൽ വന്നപ്പോൾ അതിലും ഇദ്ദേഹത്തിന്റെ ഒരുപാട് സേവനങ്ങൾ ഉണ്ടായിരുന്നു. 1984ലെ പരീക്ഷണകാലഘട്ടത്തിൽ ലാഹോറിലെ ശരീഅത്ത് കോടതിയിൽ നടന്നിരുന്ന കേസിലും അദ്ദേഹം വിവിധ സേവനങ്ങൾ ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ റാബിഅ് പാകിസ്താനിൽനിന്ന് ഹിജ്റത്ത് ചെയ്ത അവസരത്തിൽ അദ്ദേഹം റബ്വയിൽനിന്ന് ലണ്ടൻവരെ ഹുദൂറിന്റെ ഒപ്പം ഉണ്ടായിരുന്നു. എന്നല്ല റബ്വയിൽനിന്ന് കറാച്ചിവരെ ഞാൻ അറിഞ്ഞിടത്തോളം കാർ ഡ്രൈവ് ചെയ്തിരുന്നത് ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിന്റെ ഇമാറത്ത് കാലഘട്ടത്തിൽ ലാഹോറിലെ ദാറുദ്ദിക്റിന് കൂടുതൽ വിശാലത കൈവന്നു. അതിപ്പോഴും തുടർന്നു വരുന്നുണ്ട്. പക്ഷേ, എന്തായാലും ഒരുപാട് ജോലികൾ നടന്നു. ഇപ്പോഴത്തെ ഇമാറത്തിൽ ലാഹോറിൽ ധാരാളം മനോഹരമായ മസ്ജിദുകൾ വർധിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ലാഹോർ അഹ്മദിയ്യാ ജമാഅത്തിന് നല്ലരീതിയിൽ സാമ്പത്തികത്യാഗം ചെയ്യാനുള്ള തൗഫീഖ് കിട്ടി. കഴിഞ്ഞ 32 വർഷമായി ഇദ്ദേഹം ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ സ്വദ്ർ എന്ന നിലയിൽ സേവനം ചെയ്തുവരികയായിരുന്നു. 1984ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പാകിസ്ഥാനിൽനിന്ന് ഇംഗ്ലണ്ടിലേക്ക് ഹിജ്റത്ത് ചെയ്യുന്ന നേരത്ത് ഞാൻ പറഞ്ഞതുപോലെ ഇദ്ദേഹത്തിന് കൂടെ സഞ്ചരിക്കാൻ തൗഫീഖ് കിട്ടി. ലൈൻ ആഡംസണ്ണി(Lain Adamson)ന്റെ ഗ്രന്ഥത്തിൽ അദ്ദേഹം ഇക്കാര്യം പറയുന്നുണ്ട്.

ലാഹോറിലെ സെക്രട്ടറി ഉമൂറെആമ ചൗദ്‌രി മുനവ്വർ അഹ്മദ് സാഹിബ് എഴുതുന്നു: ഹമീദ് നസ്റുല്ലാഖാൻ സാഹിബ് തന്നോടൊപ്പം ജോലി ചെയ്തിരുന്നവരെ ഒരുപാട് ശ്രദ്ധിക്കാറുണ്ടായിരുന്നു. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾപോലും പൂർത്തിയാക്കിക്കൊടുക്കുമായിരുന്നു. അദ്ദേഹത്തിനോടു ആരെങ്കിലും അഭിപ്രായം ആരാഞ്ഞാൽ വളരെ സ്നേഹത്തോടും സന്തോഷത്തോടുംകൂടി അഭിപ്രായം പറഞ്ഞുകൊടുക്കുമായിരുന്നു. പറയുന്നു: 'ഞാൻ 9 വർഷം ലാഹോർ ജില്ല ഖായിദായിരുന്നു. എന്നാൽ, ഒരിക്കലും ഏതെങ്കിലും കാര്യത്തിൽ വെറുപ്പ് പ്രകടിപ്പിച്ചിരുന്നില്ല. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളിൽ ഒരുപാട് സഹായിച്ചിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ അഞ്ചുമ ഇജ്തിമാ ലാഹോറിനു വെളിയിൽ സംഘടിപ്പിക്കാൻ അവസരം കിട്ടി. അവയിൽ ഇദ്ദേഹം ഞങ്ങൾക്ക് ഒരുപാട് മാർഗനിർദേശങ്ങൾ നല്കി. ഓരോ കാര്യത്തിനും മാർഗദർശനം നല്കിയിരുന്നു. ചൗദ്‌രി ഹമീദ് നസ്റുല്ലാഖാൻ സാഹിബ് വളരെ വലിയൊരു സംഘാടകനായിരുന്നു. ജോലി കൃത്യസമയത്ത്, സന്ദർഭോചിതം ചെയ്യിക്കുന്ന ആളായിരുന്നു. എല്ലാ ജമാഅത്തുകളിലും പര്യടനം നടത്തിയിരുന്നു. ഹൽഖയുടെ സ്വദ്ർമാരുമായി അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു. ആമില അംഗങ്ങളെ തന്റെ സ്നേഹിതന്മാരും വലം കൈയുമായി മനസ്സിലാക്കിയിരുന്നു.

ഹക്കീം ത്വാരിഖ് സാഹിബ് പറയുന്നു: ഖിലാഫത്തിനോടുള്ള അനുസരണം അദ്ദേഹത്തിൽ നിറഞ്ഞിരുന്നു. ജമാഅത്തിന്റെ ജോലിക്കാരോടും സേവകരോടും അങ്ങേയറ്റം വാത്സല്യത്തോടും സ്നേഹത്തോടും കൂടി പെരുമാറിയിരുന്നു. അവരെ വളരെയധികം വിശ്വസിച്ചിരുന്നു. അവരെ വളരെയധികം ആദരിച്ചിരുന്നു. മുമ്പേ ഞാൻ നാളിർ അഅ്ലാ ആയിരുന്നപ്പോൾ എത്രകാലം അദ്ദേഹം അമീർ എന്ന നിലയിൽ പ്രവർത്തിച്ചിരുന്നുവോ എന്നോടും കേന്ദ്രത്തോടും പരിപൂർണമായും സഹകരിച്ചും പൂർണമായി അനുസരിച്ചും പ്രവർത്തിച്ചു. ഞാൻ നാളിർ അഅ്ലാ ആയിരിക്കുമ്പോഴും അദ്ദേഹം എന്നോടൊപ്പം ജോലി ചെയ്തിട്ടുണ്ട്. പിന്നീട് ഖിലാഫത്തിൽ വന്നതിനുശേഷവും ലാഹോറിലെ അമീറായിരിക്കുവോളം അങ്ങേയറ്റം സഹകരിച്ചുകൊണ്ട് പ്രവർത്തിക്കുകയുണ്ടായി. അദ്ദേഹത്തിൽ അനുസരണത്തിന്റെ വികാരം വളരെ അധികമായിരുന്നു.

കർണൽ നഈം സിദ്ദീഖി സാഹിബ് ലാഹോറിലെ ജില്ല നായിബ് അമീറായിരുന്നു. അദ്ദേഹം എഴുതുന്നു: 'ഖിലാഫത്തിനോടുള്ള തന്റെ ബന്ധത്തിന്റെ സംഭവങ്ങൾ വിവരിക്കാൻ തുടങ്ങും. പിന്നീട് അങ്ങനെ പറഞ്ഞുകൊണ്ടേപോകും. ഒരു സംഭവം കർണൽ നഈം സിദ്ദീഖി സാഹിബ് എഴുതിയിരിക്കുന്നു: ഒരിക്കൽ അദ്ദേഹം ഭാവൽപൂരിൽ എന്തോ ജോലി ആവശ്യാർഥം പോകുകയായിരുന്നു. വഴിയിൽവെച്ച് എന്നല്ല അദ്ദേഹം ഭാവൽപൂരിൽ എത്തിക്കഴിഞ്ഞിരുന്നു, റബ്വയിൽ എത്തുക എന്നു പറഞ്ഞുകൊണ്ടുള്ള ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ സന്ദേശം കിട്ടി. ഉടനെ തന്നെ എല്ലാ ജോലിയും ഉപേക്ഷിച്ച് അദ്ദേഹം റബ്വയിലെത്തി. രാത്രിയ്ക്കുരമാനം വന്നിട്ട് സുബ്ഹി നമസ്കാരത്തിനുമുമ്പേ എത്തി. പറയുന്നു: ഞാൻ വെളിയിൽ ഉലാത്താൻ തുടങ്ങി. അതു തഹജ്ജുദിന്റെ സമയമാണെന്ന് അദ്ദേഹം കണ്ടപ്പോൾ തഹജ്ജുദ് അല്ലെങ്കിൽ നമസ്കാരത്തിന്നിടയിലുള്ള സമയമാണെന്ന് കണ്ടപ്പോൾ ഞാൻ വന്നിരിക്കുന്നുവെന്ന് അറിയിച്ചുകൊണ്ട് സന്ദേശമറിയിച്ചു.

സാധുക്കൾക്ക് സ്റ്റൈഫണ്ട് കൊടുക്കാറുണ്ടായിരുന്നു. തന്റെപേരിൽ മാത്രമല്ല, ഭാര്യയുടേയും പിതാവിന്റേയും ചൗദ്‌രി സഫ്റുല്ലാഹ് ഖാൻ സാഹിബിന്റേയും പേരിൽ കൊടുക്കാറുണ്ടായിരുന്നു. ആരുടെ എങ്കിലും അപേക്ഷ വന്നാൽ തന്റെ കണക്കിൽനിന്നോ ഭാര്യയുടെ കണക്കിൽനിന്നോ മറ്റാരുടെയെങ്കിലും കണക്കിൽനിന്നോ അവർക്ക് സ്റ്റൈഫണ്ട് കൊടുക്കാൻ ഉടനെ മാർക്കു ചെയ്യുമായിരുന്നു. ചൗദ്‌രി ഹമീദ് നസ്റുല്ലാഖാൻ സാഹിബ് ലാഹോർ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു ചരിത്രമാണെന്ന് അദ്ദേഹമെഴുതിയതും ശരിയാണ്.

അദ്ദേഹത്തിൽ എന്തായാലും അല്ലാഹുവിൽനിന്ന് നേതൃത്വപരമായ കഴിവുമുണ്ടായിരുന്നു, അതദ്ദേഹം ഉപയോഗിക്കുകയും ചെയ്തിരുന്നു.

ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ സെക്രട്ടറി ആയ നാസിർ ശംസ് സാഹിബ് എഴുതുന്നു:'(ഞാൻ പറഞ്ഞതുപോലെ 32 വർഷം സ്വദ്റുമായിരുന്നു)ഫള്‌ലെ ഉമർ ഫൗണ്ടേഷനിൽ ഹദ്റത്ത് ചൗദ്‌രി സഫ്റുല്ലാഹ് ഖാൻ സാഹിബ് വഫാത്തായതിനുശേഷം 1986-ൽ ഇദ്ദേഹത്തെ സ്വദ്ർ എന്ന നിലയിൽ നിയമിക്കുകയുണ്ടായി. അവസാന ശ്വാസംവരെ 32 വർഷം അദ്ദേഹത്തിന് സ്വദ്ർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വളരെ സഹതാപിയും ഖിന്നനും വാത്സല്യവാനും മൃദുസ്വഭാവിയും സൽപ്രകൃതനുമായിരുന്നു. ബന്ധങ്ങളുടെ വൃത്തം വളരെ വിശാലമായിരുന്നു. ആ ബന്ധങ്ങളെല്ലാം എപ്പോഴും ജമാഅത്തിന്റെ ഗുണത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു. അങ്ങേയറ്റം ആത്മാർഥനും സർവവും സമർപണം ചെയ്ത ജമാഅത്തിന്റെ സേവകനും ഖലീഫമാരുടെ സുൽത്വാനെ നസ്വീറും ഖിലാഫത്തിൽ അഭിമാനിയും കൂറുമുള്ള മനുഷ്യനായിരുന്നു. അങ്ങേയറ്റം ക്ഷീണമുണ്ടായിട്ടും രോഗിയായിട്ടും ഫൗണ്ടേഷന്റെ മീറ്റിംഗുകളിൽ പങ്കെടുത്തിരുന്നു. അഭിപ്രായം പറയാൻ പ്രാപ്തനും കാര്യങ്ങൾ ദീർഘവീക്ഷണത്തോടെ കാണുന്ന വ്യക്തിയുമായിരുന്നു. തന്റെ ദൈവദത്തമായ കഴിവുകൊണ്ട് കാര്യങ്ങളുടെ ആഴങ്ങൾവരെ ചെന്നെത്തുമായിരുന്നു. പിന്നീട് കൂടിയാലോചിച്ച് തീരുമാനമെടുക്കുമായിരുന്നു. മിർസാ നദീം സാഹിബ് പറയുന്നു:'അദ്ദേഹം എന്നെ നേരിട്ട് കേൾപ്പിക്കുകയുണ്ടായി: അദ്ദേഹത്തെ 1975-ൽ ജമാഅത്തിന്റെ അമീറായി നിശ്ചയിച്ചപ്പോൾ വളരെ പരിഭ്രമത്തോടെ റബ്വയിൽച്ചെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ സന്നിധിയിൽ ഹാജരായി. കൂടിക്കാഴ്ചയ്ക്ക് അപേക്ഷിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് അദ്ദേഹത്തെ വിളിപ്പിച്ചു. എന്താണ് കാര്യമെന്ന് ചോദിച്ചു. എന്തിനാണ് വന്നതെന്നും ചോദിച്ചു. താൻ ഈ സ്ഥാനത്തിന് അർഹനല്ലെന്ന് അദ്ദേഹം പറഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് പറഞ്ഞു, ഭക്ഷണസമയമായി ആദ്യം ഭക്ഷണം കഴിക്കുക. ചൗദ്‌രി സാഹിബ് അപ്പോഴും അതുതന്നെ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു, അതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് എന്റെ തോളിൽ പിടിച്ചുകൊണ്ടു പറഞ്ഞു, താങ്കളെ കാലത്തിന്റെ ഖലീഫയാണ് അമീറാക്കിയത്. അല്ലാഹുവിന്റെ ഖലീഫയാണ് നന്നായി അറിയുന്നവൻ. പറയുന്നു, അതിനുശേഷം ഒരുപാട് ദുർഘടം പിടിച്ച ഘട്ടങ്ങളുണ്ടായി. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാനൊരിക്കലും പരിഭ്രമിച്ചിട്ടില്ല. ഖിലാഫത്തിന്റെ പ്രാർഥന കാരണത്താൽ എന്റെ എല്ലാ ജോലിയും നടന്നുകൊണ്ടിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും കൂറോടുകൂടി ഖിലാഫത്തിനോടും ജമാഅത്തിനോടും ബന്ധപ്പെട്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ സൗഭാഗ്യം നല്കുമാറാകട്ടെ.



EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 9 February 2017 Issue-6

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

പേജ് 2ൽ നിന്ന്

ജീവിച്ചു. ആ അനുഗൃഹീതനബി ഖാത്തുമുൽഅമ്പിയാ, ഇമാമുൽ അസ്ഫിയാ ഖത്തമുൽ മുർസലീൻ ജനാബ് മുഹമ്മദു മുസ്തഫാ(സ) ആകുന്നു. പ്രിയപ്പെട്ട അല്ലാഹുവേ! ആ പ്രിയപ്പെട്ട നബിയുടെമേൽ ലോകാരംഭം മുതൽ ആരുടെമേലും നീ ഇറക്കിയിട്ടില്ലാത്ത സ്വലാത്തും സലാമും ഇറക്കിയാലും. ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നെങ്കിൽ, യൂനുസ് അയ്യൂബ് മസീഹുബ്നുമർയം മലാക്കി യഹ്യാ സക്രിയാ തുടങ്ങിയവരെ പോലെ എത്രത്തോളം ചെറിയ ചെറിയ പ്രവാചകന്മാർ ലോകത്തു വന്നിട്ടുണ്ടോ അവരുടെ സത്യത്തെ കുറിച്ച് നമ്മുടെ പക്കൽ ഒരു തെളിവുമുണ്ടാകുമായിരുന്നില്ല; അവരെല്ലാവരും ദൈവസമീപസ്ഥരും ആദരണീയരും ദൈവത്തിനു പ്രിയപ്പെട്ടവരും ആയിരുന്നെങ്കിലും. ഈ ആളുകളും ലോകത്ത് സത്യവാന്മാരായി മനസ്സിലാക്കപ്പെട്ടുവെന്നത് ഈ നബിയുടെ ഔദാര്യമാണ്. *അല്ലാഹുമ്മ സല്ലി വ സല്ലിം വ ബാരിക് അലയ്ഹി വ ആലിഹി വ അസ്ഹാബിഹീ അജ്മഈൻ.'*

അവസാനം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. ദുആക്കുശേഷം അമീറുൽ മുഅമിനീൻ അധ്യക്ഷപീഠത്തിൽ വന്നിരുന്നു. ഖാദിയാൻകാർ തങ്ങളുടെ സംഘഗാനം കേൾപ്പിക്കാൻ പറഞ്ഞു. അമീറുൽ മുഅ്മിനീന്റെ നിർദ്ദേശമനുസരിച്ച് ഖാദിയാനിലെ ഖുദ്ദാമും അത്ഫാലും നാസിറാത്തും വിവിധ സംഘഗാനങ്ങൾ അവതരിപ്പിച്ചു. അതിനുശേഷം അമീറുൽ മുഅ്മിനീൻ ലണ്ടനിലെ സമ്മേളനത്തിൽ പങ്കെടുത്തിരുന്ന ജമാഅത്തംഗങ്ങളോട് പറഞ്ഞു, ഇനി അടുത്തത് നമസ്കാരമാണ്. അതിനുശേഷം ഭക്ഷണം. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഖാദിയാനിലെ ജൽസയിൽ മൊത്തം പങ്കെടുത്തത് പതിനാലായിരത്തി ഇരുന്നൂറ്റി നാല്പത്തിരണ്ട് പേരാണ്. ഇന്തൊനേഷ്യയിൽനിന്ന് ഒരു ചാർട്ടഡ് വിമാനം ഈ അനുഗൃഹീതജൽസയിൽ പങ്കെടുക്കാൻ അതിഥികളേയും കൊണ്ടെത്തിയിരുന്നു. ഈ ജൽസയിൽ ലണ്ടനിൽ പങ്കെടുത്തവരുടെ എണ്ണം അയ്യായിരത്തി ഇരുന്നൂറ്റി മുപ്പതാണ്.

## വനിതാ സമ്മേളനം:

2016 ഡിസംബർ 27ന് ളുഹർ അസ്ർ നമസ്കാരത്തിനുശേഷം രണ്ടരമണിക്ക് ലജ്ന ഇമായില്ലാഹ് (വനിതാ വിംഗ്) തങ്ങളുടെ പ്രത്യേക സെഷൻ അവതരിപ്പിച്ചു. സദർ ലജ്ന ഇമായില്ലാഹ് ഭാരത് ശമീം അഖ്തർ ഗ്യാനി സാഹിബ അധ്യക്ഷയായി. തഹ്മീദ ഉമർ സാഹിബ ഖുർആൻ പാരായണം ചെയ്തു. ഇതിന്റെ ഉർദു തർജമ ലജ്ന ഇമായില്ലാഹ് ഭാരത് ജനറൽ സെക്രട്ടറി അമത്തുശ്ശാഫി റൂമി സാഹിബ കേൾപ്പിച്ചു. നയ്യിറ തൻവീർ സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം മനോഹരമായി ആലപിച്ചു. ആദ്യത്തെ പ്രസംഗം ലജ്ന ഇമായില്ലാഹ് ഭാരത് മജ്ലിസെ ആമില മെമ്പർ ബുശ്റ പാശാ സാഹിബയുടേതായിരുന്നു. 'പർദയുടെ അനിവാര്യതയും പ്രാധാന്യവും വിശുദ്ധഖുർആന്റേയും തിരുഹദീഥിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ ഖലീഫമാരുടേയും നിർദേശങ്ങളുടെ വെളിച്ചത്തിൽ' എന്നതായിരുന്നു വിഷയം. ഖുദ്സിയ ഹബീബ് സാഹിബ ഒരു സ്തുതിഗീതം കേൾപ്പിച്ചു. രണ്ടാമത്തെ പ്രസംഗം സദർ ലജ്ന ഭാരത് ശമീം അഖ്തർ സാഹിബയുടേതായിരുന്നു. അവരുടെ വിഷയം 'വിവാഹവും വിവാഹബന്ധങ്ങളും വിശുദ്ധഖുർആന്റേയും തിരുസോഹദീഥിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ ഖലീഫമാരുടേയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ' എന്നതായിരുന്നു. സമൂഹപ്രാർഥനയോടെ ഈ സെഷൻ അവസാനിച്ചു.

## 1. അൽഖലം പ്രൊജക്ട്:

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അനുമതിയോടെ 2016 ഡിസംബർ 23ന് വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ സ്വദർ സദർ അഞ്ജുമൻ അഹ്മദിയ്യ ഖാദിയാന്റെ അധ്യക്ഷതയിൽ ഖാദിയാനിലെ മർക്കസി ലൈബ്രറിയിൽ അൽഖലം പ്രൊജക്ടിന്റെ ഉദ്ഘാടനം നടന്നു. മൗലവി മുർശിദ് അഹ്മദ് ഡാറിന്റെ ഖുർആൻ പാരായണത്തോടെ കാര്യപരിപാടി ആരംഭിച്ചു. അതിനുശേഷം അഡീഷണൽ നാളിർ ഇസ്ലാഹോ ഇർശാദ് വ ഇർശാദ് തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി ഖാദിയാൻ വ മുൻതളിം അൽഖലം പ്രൊജക്ട് മൗലവി ഇനായത്തുല്ലാ സാഹിബ് അൽഖലം പ്രൊജക്ട് എന്താണെന്ന് പരിചയപ്പെടുത്തി. ഈ പ്രൊജക്ടിന്റെ കീഴിൽ വിശുദ്ധഖുർആൻ മുഴുവനും കൈ കൊണ്ടെഴുതി തൂലികപ്പതിപ്പ് എന്ന നിലയിൽ പ്രസിദ്ധീകരിക്കാനുള്ള പരിപാടിയാണ്. ഈ പ്രൊജക്ട് 2016 ഡിസംബർ 23 മുതൽ 2017 ജനുവരി 1 വരെ 10 ദിവസം നടന്നുകൊണ്ടിരുന്നു. ഇതിനിടയിൽ 1284 ആളുകൾ 1463 ആയത്തുകൾ എഴുതുകയുണ്ടായി.

## 2. സൃഷ്ടിസേവനവകുപ്പ് (ഖിദ്മത്തെ ഖൽഖ്):

സൃഷ്ടിസേവന വകുപ്പിന്റെ കീഴിൽ ജൽസയുടെ ദിനങ്ങളിൽ ദാറുൽമസീഹ്, കേന്ദ്രമസ്ജിദുകൾ, ബിഹിശ്തി മഖ്ബറ, ജൽസാഗാഹ്, ഖാദിയാൻ അഹ്മദിയ്യാ മഹല്ലിൽ പ്രവേശിക്കുന്ന വഴികൾ, താമസ സ്ഥലങ്ങൾ, അൽഖലം പ്രൊജക്ടിന്റെ ഉദ്ഘാടനം നടന്ന മർക്കസി ലൈബ്രറി, എം.ടി.എ. ബിൽഡിംഗ് തുടങ്ങിയ സ്ഥലങ്ങളിൽ ഖുദ്ദാം, അൻസ്വാർ സന്നദ്ധസേവകർ മുഴുവൻ സമയവും ഡ്യൂട്ടികൾ നൽകി. നമസ്കാര നേരങ്ങളിൽ മസ്ജിദുകളിലും ഇടവഴികളിലും റോഡുകളിലും ട്രാഫിക് നിയന്ത്രിക്കാനും ഖുദ്ദാം ഡ്യൂട്ടികൾ നൽകുകയുണ്ടായി. ഐവാനെ ഖിദ്മത്ത് ബിൽഡിംഗിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ പഴയകാർഡിനുമേൽ പുതിയ ഹോളോഗ്രാം പതിച്ചുനല്കി. താൽക്കാലിക കാർഡുകൾ വിതരണം ചെയ്തു. ഇന്ത്യയിലെ ദൂരദൂര സ്ഥലങ്ങളിൽനിന്നു വന്ന 720 ഖുദ്ദാം 86 അൻസ്വാർ സന്നദ്ധസേവകർ കഠിനാധ്വാനം ചെയ്ത് ആത്മാർഥതയോടുകൂടി രാപകൽ ഡ്യൂട്ടി നൽകിക്കൊണ്ടിരുന്നു. അൽഹംദുലില്ലാഹ് അലാ ദാലിക്. ആർമിയിലും പോലീസിലുമുള്ള പതിനഞ്ച് അഹ്മദീയുവാക്കളും ജൽസയിൽ പങ്കെടുക്കാനെത്തിയിരുന്നു. അവരും തങ്ങളുടെ ഡ്യൂട്ടികൾ നൽകി.

## 3. അതിഥികളുടെ താമസസൗകര്യം:

ഈ വർഷം ജൽസയുടെ ഒരുക്കങ്ങൾക്കും അതിഥികളുടെ താമസത്തിനും ഭക്ഷണത്തിനും വേണ്ടി 27 വകുപ്പുകളും 21 താമസസൗകര്യങ്ങളും ഉണ്ടാക്കിയിരുന്നു. 4 ലങ്കർഖാനകൾ പ്രവർത്തിച്ചു. ഖാദിയാനിലെ എല്ലാ ഹൽഖകളിലും വീടുകളിലും താമസിച്ചിരുന്ന അതിഥികൾക്ക് 6 സ്ഥലങ്ങളിൽ ഫാമിലികളുടെ കീഴിൽ ഭക്ഷണം വിതരണം ചെയ്യാൻ ഏർപ്പാട് ചെയ്തു.

## 4. ഹ്യൂമാനിറ്റി ഫെസ്റ്റ്:

അമീറുൽ മുഅ്മിനീന്റെ അനുമതിയോടെ ഇന്ത്യൻ ഹ്യൂമാനിറ്റിഫെസ്റ്റിന്റെ ഓഫീസ് തുറന്നുകഴിഞ്ഞിട്ടുണ്ട്. ഇതിന് കീഴിൽ കഴിഞ്ഞ ആറേഴുമാസമായി സൃഷ്ടിസേവന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജൽസസാലാനയുടെ അവസരത്തിൽ ഈ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എക്സിബിഷനും നടത്തിയിരുന്നു. ധാരാളമാളുകൾ ഇവിടം സന്ദർശിക്കുകയും കഴിവനുസരിച്ച് സംഭാവന നൽകുകയും ചെയ്തു.

## 5. നിക്കാഹ് വിളംബരം

ജൽസയുടെ ദിനങ്ങളിൽ മസ്ജിദ് അഖ്സായിൽ 26 നിക്കാഹിന്റെ വിളംബരം നടക്കുകയുണ്ടായി. ഇതിൽ 20 നിക്കാഹിന്റെ വിളംബരം നടന്നത് 2016 ഡിസംബർ 27-നാണ്.

## 6. എക്സിബിഷൻ

2015ലെ ജൽസയുടെ അവസരത്തിൽ ദാറുസ്സലാം ഹൽഖയിലെ ഹദ്റത്ത് മുഹമ്മദലീഖാൻ സാഹിബിന്റെ കോഠിയിൽ-ഇവിടെയാണ് ഹദ്റത്ത് ഖലീഫ അവ്വൽ(റ) തന്റെ ജീവിതത്തിന്റെ അന്ത്യദിനങ്ങൾ ചെലവഴിച്ചത്- കോറെനുവേറ്റ് ചെയ്ത് 'അന്നൂർ നുമായിശ്' എന്ന പേരിൽ ഒരു എക്സിബിഷൻ ഉദ്ഘാടനം ചെയ്യപ്പെട്ടിരുന്നു. ഈ വർഷവും 2016 ഡിസംബർ 23 മുതൽ 2017 ജനുവരി 2 വരെ 10 ദിവസം ഈ എക്സിബിഷൻ സംഘടിപ്പിച്ചു. ഇതിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വിവിധ കാലങ്ങളിലെ ചരിത്രം ഫോട്ടോകളിലൂടെയും പോസ്റ്ററുകളിലൂടെയും പ്രദർശിപ്പിക്കപ്പെട്ടിരുന്നു. രാവിലെ 8 മണിമുതൽ രാത്രി 9 മണിവരെയായിരുന്നു സന്ദർശന സമയം.

ഇതിനു പുറമെ നല്ലാറത്ത് നശ്റോ ഇശാഅത്തിന്റെ കീഴിൽ അവരുടെതന്നെ കെട്ടിടത്തിൽ ഖുർആൻ എക്സിബിഷനും ഫോട്ടോ പ്രദർശനവും നടന്നുവരുന്നുണ്ട്. ജൽസാ ദിനങ്ങളിൽ ധാരാളമാളുകൾ ഇവിടം സന്ദർശിക്കുകയുണ്ടായി.

## 7. തർബിയ്യത്ത് യോഗവും ചോദ്യോത്തര സദസ്സും:

2016 ഡിസംബർ 26 ന് തിങ്കളാഴ്ച ആദ്യ ദിവസത്തെ ജൽസയ്ക്കുശേഷം മഗ്രിബ് ഇശാ നമസ്കാരം കഴിഞ്ഞ് ദാറുൽ അൻവാർ ഹൽഖയിലെ മസ്ജിദ് അൻവാറിൽ മൗലാനാ മുഹമ്മദ് ഹമീദ് കൗഥറിന്റെ അധ്യക്ഷതയിൽ പുതുഅഹ്മദികൾക്കും അഹ്മദിയ്യാ അനുകൂലികൾക്കും വേണ്ടി ഒരു തബ്ലീഗ് യോഗം സംഘടിപ്പിച്ചു. പുതുഅഹ്മദികളുടേയും അഹ്മദിയ്യാ അനുകൂലികളുടേയും സംശയങ്ങളും സന്ദേഹങ്ങളും ചോദ്യോത്തരങ്ങളിലൂടെ അകറ്റുക എന്നതായിരുന്നു യോഗോദ്ദേശ്യം. പുറത്തുള്ള ആളുകൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാൻ അവരെ പ്രാപ്തരാക്കുക. മസ്ജിദ് അൻവാറിൽ ഏകദേശം അഞ്ഞൂറ് പുതുഅഹ്മദികളും അഹ്മദിയ്യാ അനുകൂലികളും തങ്ങളുടെ പ്രദേശങ്ങളിലെ മുബല്ലിഗുമാരോടും മുഅല്ലിമുമാരോടും പഴയ അഹ്മദികളോടുമൊപ്പം വന്നിരുന്നു. തങ്ങളുടെ ചോദ്യങ്ങൾ അവതരിപ്പിച്ച് അതിനുള്ള മറുപടി അവർ കരസ്ഥമാക്കി. മുബല്ലിഗ് മൗലവി മുർശിദ് അഹ്മദ് ഡാറിന്റെ ഖുർആൻ പാരായണത്തോടെ സഭാനടപടികൾ തുടങ്ങി. രിള്വാൻ അഹ്മദ് സഫർ പദ്യം ആലപിച്ചു. മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബ് ഉദ്ഘാടന ഭാഷണം നടത്തി. ഇതിൽ അദ്ദേഹം അഹ്മദികളും അനഹ്മദികളും തമ്മിലുള്ള പ്രധാന വ്യത്യാസവും അഭിപ്രായഭിന്നതകളും വിവരിച്ചു. അതിനുശേഷം ചോദ്യോത്തരത്തിനുള്ള അവസരമായിരുന്നു. അദ്ദേഹത്തോടൊപ്പം നാളിർ ഇർശാദ് വഖ്ഫെ ജദീദ് മൗലാനാ സുൽത്വാൻ അഹ്മദ് സഫർ, നാഇബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് ഉത്തരേന്ത്യ മൗലാനാ തൻവീർ അഹ്മദ് ഖാദിം സാഹിബും ചോദ്യങ്ങൾക്ക് മറുപടി നൽകി. ഇത് ഈമാൻ ദൃഢീകരിപ്പിക്കുംവിധമുള്ള പരിപാടിയായിരുന്നു. രണ്ടര മണിക്കൂറിലേറെ നീണ്ടുനിന്നു.

## 8. തൽസമയ തർജമ:

ഈ വർഷം ജൽസാപരിപാടികൾ 9 ഭാഷകളിൽ തൽസമയ തർജമ ചെയ്യാൻ അവസരമൊരുക്കിയിരുന്നു. അറബിക്, റഷ്യൻ, ഇന്തൊനേഷ്യൻ, ഇംഗ്ലീഷ്, മലയാളം, തമിഴ്, തെലുങ്ക്, ബംഗള, കന്നട.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ ഭാഷയിലേയും പരിഭാഷകർ കഠിനാധ്വാനത്തോടെ തർജമ ജോലി ഭംഗിയായി നിറവേറ്റി. ജൽസയിലെ എല്ലാ പരിപാടികൾക്കും പ്രത്യേകിച്ചും അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം 9 ഭാഷകളിൽ മൊഴിമാറ്റം ചെയ്യപ്പെട്ടു. വൻതോതിൽ സ്ത്രീകളും പുരുഷന്മാരും ഇതിൽനിന്ന് ഫലമെടുത്തു. സ്ത്രീകളുടെ പ്രത്യേക സെഷന്റെ തർജ്ജമയും 5 ഭാഷകളിൽ അതായത് ഇംഗ്ലീഷ്, അറബി, ഇന്തൊനേഷ്യൻ, മലയാളം, തമിഴ് നടന്നു.

## 9. തർബിയ്യത്ത് വകുപ്പ്:

ജൽസയുടെ ദിനങ്ങളിൽ 2016 ഡിസംബർ 22 മുതൽ 2017 ജനുവരി 2 വരെ മസ്ജിദ് അഖ്സ, മസ്ജിദ് മുബാറക്, മസ്ജിദ് അൻവാർ നിലകൊള്ളുന്ന ദാറുൽ അൻവാർ മഹല്ല് എന്നിവിടങ്ങളിൽ തഹജ്ജുദ് നമസ്കാരം നടന്നിരുന്നു. ഇപ്രകാരംതന്നെ ഖാദിയാനിലെ മഹല്ലുകളിലെ മറ്റ് ഏഴ് മസ്ജിദുകളിലും ജൽസയുടെ മൂന്ന് ദിനങ്ങളിൽ ജമാഅത്തായി തഹജ്ജുദ് നമസ്കരിക്കാൻ ഏർപ്പാട് ചെയ്തിരുന്നു. എല്ലാ മസ്ജിദുകളിലും സുബ്ഹി നമസ്കാരത്തിനുശേഷം ദർസുകളും നടന്നു. ലൗഡ്സ്പീക്കറിലൂടെ സ്വലാത്ത് ചൊല്ലിക്കൊണ്ട് തഹജ്ജുദിന് ഉണർത്താനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഈ വകുപ്പിന്റെ കീഴിൽ ഖാദിയാനിലെ ഇടവഴികളിലും റോഡുകളിലും തഅ്ലിം തർബിയ്യത്തുപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന മനോഹരമായ ബാനറുകളും പതിച്ചിരുന്നു. ഇതിനുപുറമെ ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ ജൽസയുടെ പരിപാടികളടങ്ങിയ ലഘുലേഖയും പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദിന്റേയും ഹദ്റത്ത് അമീറുൽ മുഅ്മിനീന്റേയും ജൽസയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു.

## 10. പ്രസ്സ് & മീഡിയ:

ഈ വർഷം 11 ഭാഷകളിൽ 206 പത്രങ്ങൾ ജൽസയെ സംബന്ധിച്ച് 282 വാർത്തകളും ലേഖനങ്ങളും ആർട്ടിക്കുകളും പ്രസിദ്ധീകരിക്കുകയുണ്ടായി. 16 പ്രത്യേക സപ്ലിമെന്റുകളും 41 പത്രങ്ങളിൽ 43 വിജ്ഞാപനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു. ഇപ്രകാരംതന്നെ 27 ന്യൂസ് ചാനലുകളിൽ 29 തവണ ജൽസയുടെ വാർത്തകളും പരിപാടികളും സംപ്രേഷണം ചെയ്യപ്പെട്ടു. ജൽസയുടെ കവറേജിനായി 57 റിപ്പോർട്ടർമാർ പങ്കെടുത്തു. ജൽസയുടെ പ്രചാരണത്തിന് ഡൽഹി, ചണ്ഡീഗഡ്, ജലന്ദർ (പഞ്ചാബ്), സോറോ (ഒഡീഷ) എന്നിവിടങ്ങളിൽ വാർത്താസമ്മേളനങ്ങൾ സംഘടിപ്പിച്ചു. ***(റിപ്പോർട്ട്, മൻസൂർ അഹ്മദ് മസ്റൂർ റിപ്പോർട്ടിംഗ് വകുപ്പ്, സെക്രട്ടറി)***

AL ISLAM

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin